140/2014
27-02-2014

## ഇടയലേഖനം-130

# ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

ഈ വർഷത്തെ വലിയ നോമ്പുകാലത്തേക്ക് നാം പ്രവേശിക്കുകയാണ്. ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും ശ്രദ്ധയൂന്നി നാം നോമ്പുകാലത്തിലൂടെ ഉയിർപ്പുതിരുനാളിന് ഒരുങ്ങുകയാണ്. ജീവിതലക്ഷ്യത്തിൽ നിന്ന് പതറിപ്പോയ നമുക്ക് തിരിച്ചുവരാനുള്ള അവസരമാണ് ഈ നോമ്പുകാലം. ചിതറിപ്പോയതിനെയെല്ലാം തിരിച്ചുപിടിക്കുന്നത് ദൈവത്തിന്റെ പ്രകൃതമാണ്. ചിതറിപ്പോയ സമൂഹങ്ങളെയും വ്യക്തികളെയും ദൈവം അവരുടെ സമഗ്രതയിലേക്ക് തിരിച്ചുകൊണ്ടുവരാൻ ആഗ്രഹിക്കുന്നു. പ്രവാചകൻവഴി അവിടുന്ന് അരുൾചെയ്യുന്നു: “ചിതറിക്കപ്പെട്ടവരെ ഞാൻ ഒരുമിച്ചുകൂട്ടും” (സെഫ.3:19). നഷ്ടപ്പെട്ടതിനെ തിരിച്ചെടുക്കാനുള്ള ആഹ്വാനം ഈശോയുടെ വാക്കുകളിലുണ്ട്: “ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്ത് പ്രയോജനം” (മർക്കോ 8:36). നമ്മുടെ ജീവിതത്തിലെ ചിതറിപ്പോയ എല്ലാ നന്മകളും ബന്ധങ്ങളും സ്വസ്ഥതയും തിരിച്ചുപിടിക്കാനുള്ള ആത്മീയ അവസരമാണ് നാം ആരംഭിക്കുന്ന അമ്പതുനോമ്പുകാലം.

നോമ്പാചരണത്തിന് ബാഹ്യവും ആന്തരികവുമായ മാനങ്ങളുണ്ട്. കൂടുതൽ പ്രാർത്ഥന, ഉപവാസം, ധർമ്മദാനം, പരിത്യാഗകൃത്യങ്ങൾ, മാംസവർജ്ജനം എന്നിവയാണ് ബാഹ്യമായ നോമ്പാചരണത്തിന്റെ സാധാരണ ഘടകങ്ങൾ. എന്നാൽ ഇത്തരം അനുഷ്ഠാനങ്ങൾക്കൊപ്പം നിർബന്ധമായും അവയുടെ ആന്തരിക





ചൈതന്യം നിലനിറുത്തണമെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. അനുതാപത്തിന്റെ അടയാളമായി തങ്ങളുടെ വസ്ത്രം കീറുകയും തലയിൽ ചാരംപൂശുകയും ചെയ്തിരുന്ന ഇസ്രായേൽ ജനത്തോട് ദൈവം അരുൾചെയ്തു: “നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ” (ജോയേൽ 2:13).

നോമ്പാചരണത്തിന്റെ ആന്തരിക ചൈതന്യം നമുക്ക് പല തരത്തിൽ നിലനിറുത്തുവാൻ സാധിക്കും. ഈ വർഷത്തെ നോമ്പാചരണത്തിലൂടെ ലളിതജീവിതം ഒരു സവിശേഷ ക്രിസ്തീയ മൂല്യമായി സ്വന്തമാക്കാനും അതിൽ ആഴപ്പെടാനും നമുക്ക് പരിശ്രമിക്കാം. ലാളിത്യരഹിതമായ മനോഭാവവും ജീവിതശൈലിയുംകൊണ്ട് നമുക്ക് നഷ്ടമായ സകല നന്മകളും സുകൃതങ്ങളും തിരിച്ചുപിടിക്കാനുള്ള സുവർണ്ണാവസരമാണ് ഈ നോമ്പുകാലം.

ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ച് അഗാധമായ ആന്തരിക സ്വാതന്ത്ര്യം അനുഭവിക്കുന്നവരുടെ ലക്ഷണമാണ് ലാളിത്യം. ആഡംബരപ്രധാനമായ യാതൊന്നിലും അത്തരക്കാർ സന്തോഷിക്കുന്നില്ല. വസ്തുവകകളാണ് തങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നത് എന്ന് അവർ തെറ്റിദ്ധരിക്കുന്നുമില്ല. ദൈവത്തിൽ സന്തോഷിക്കുന്ന ലളിതജീവിതക്കാർ സാധനസാമഗ്രികൾ ഉപയോഗിക്കുമ്പോഴും അവയുടെ പകിട്ടിൽ തെല്ലും അഭിരമിക്കുകയില്ല.

ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ ഫ്രാൻസീസ് പാപ്പ ശ്രദ്ധപതിപ്പിക്കുന്നത് വിശുദ്ധ പൗലോസിന്റെ ഈ വാക്കുകളിലാണ്: “സമ്പന്നനായിരിന്നിട്ടും നിങ്ങളെപ്രതി അവൻ ദരിദ്രനായി. തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ“ (2കൊറി 8:9). സർവ്വസമ്പൂർണ്ണനായ ദൈവം നിസ്സാരനായ മനുഷ്യനായി മാറിയതുതന്നെയായിരുന്നു അവന്റെ ദാരിദ്ര്യം. ഈ ദാരിദ്ര്യംവഴി അവൻ ലോകത്തിലെ സകല മനുഷ്യരോടും താദാത്മ്യപ്പെട്ടു. എല്ലാവരെയും സമ്പന്നരാക്കി. എല്ലാവരേയും സ്നേഹിക്കാൻ ഈശോ കണ്ട വഴിയായിരുന്നു ദാരിദ്ര്യം. മറ്റുള്ളവരെ കൂടുതൽ സ്നേഹിക്കാൻ ലളിതജീവിതം നമ്മെ പ്രാപ്തരാക്കുമ്പോൾ അത് ക്രിസ്തീയ പുണ്യമായി മാറുമെന്ന് മാർപാപ്പ തന്റെ സന്ദേശത്തിൽ പറയുന്നു.

ഈശോയെ അനുകരിച്ച് നമ്മുടെ സഭാജീവിതവും വ്യക്തിജീവിതവും ഇനിയും നാം ലളിതമാക്കേണ്ടതുണ്ട്. പട്ടിണി അനു

ഭവിക്കുന്നവരും ചികിത്സിക്കാൻ വഴിയില്ലാത്തവരും പണമില്ലാത്തതിന്റെ പേരിൽ വിവാഹം നടക്കാത്ത പെൺകുട്ടികളും, പഠനം മുടങ്ങിയവരും അനവധിയുള്ള ഈ നാട്ടിൽ, ദൈവികകാര്യങ്ങളുടെ പേരിലാണെങ്കിലും പണം ധൂർത്തടിക്കുന്നതിന് ന്യായീകരണമില്ല. അത് അധർമ്മമാണ്. തിരുസ്വരൂപങ്ങളിൽ നാം വണങ്ങുന്ന ഈശോയെ പാവപ്പെട്ടവരിലും നാം തിരിച്ചറിയണം. മനുഷ്യനായി പിറന്ന ഈശോക്ക് ലക്ഷണമൊത്ത തിരുസ്വരൂപങ്ങളോടെന്നതിനേക്കാൾ സാമ്യം പാവപ്പെട്ട മനുഷ്യരോടാണ്. ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയത് ചെറിയവരിൽ ചെറിയവരോടാണല്ലോ (മത്താ.25:45).

നമ്മുടെ പ്രവർത്തനങ്ങളുടെ മുഖമുദ്ര ലാളിത്യമായിരിക്കണം. എങ്കിലേ അവ ദൈവരാജ്യസ്ഥാപനത്തിനും വ്യാപനത്തിനും ഉതകുകയുള്ളൂ. ദൈവരാജ്യത്തിന്റെ ശൈലിക്ക് നിരക്കാത്തതൊന്നും സഭക്ക് ആവശ്യമില്ല; അവയൊന്നും സഭയുടെ കാര്യപരിപാടിയിൽ കയറിക്കൂടാനും പാടില്ല. ദൈവഭരണം വ്യക്തിജീവിതത്തിലും സമൂഹത്തിലും സ്ഥാപിക്കപ്പെടുകയാണ് ദൈവരാജ്യസ്ഥാപനത്തിന്റെ അർത്ഥം. അനേകർ സാമ്പത്തിക അവശത അനുഭവിക്കുന്ന ഈ നാട്ടിൽ ആഡംബരപ്രധാനമായി കാര്യങ്ങൾ ചെയ്യുന്നത് ദൈവരാജ്യത്തിന് നിരക്കുന്നതല്ല.

നമ്മുടെ ഇടവകകൾ ലാളിത്യത്തിന്റെ മാതൃകകളാകണം. ആവശ്യത്തിനുള്ള സൗകര്യങ്ങൾ നമുക്ക് വേണ്ടതുതന്നെ. എന്നാൽ അവ ആഢംബരത്തിനോ പ്രൗഢിക്കോ ആയിരിക്കരുത്. വിശേഷാവസരങ്ങളിൽ ദേവാലയങ്ങൾ അലങ്കരിക്കുമ്പോൾ വൻതുക മുടക്കി ദീപാലങ്കരം നടത്തുകയും വിലകൂടിയ പൂക്കൾകൊണ്ട് മദ്ബഹ നിറയ്ക്കുകയും ചെയ്യേണ്ട ആവശ്യമില്ല. പള്ളിച്ചടങ്ങുകളുടെ പേരിലുള്ള കമാനങ്ങളും ഫ്ളക്സ് പരസ്യങ്ങളും നാം ഒഴിവാക്കണം. തിരുനാളാഘോഷങ്ങളിലെ കരിമരുന്നു പ്രയോഗത്തിന്റെ ചെലവ് വർഷംതോറും കുറച്ചുകൊണ്ടുവരണം. തിരുനാൾ പ്രദക്ഷിണത്തിന് ബാന്റുമേളം മാത്രം പോരാ ഇതരമേളങ്ങളും കൂടി വേണമെന്ന് ശാഠ്യം പിടിക്കുന്നവർ തിരുനാളിന്റെ ചൈതന്യം പാടേമറന്ന് പ്രവർത്തിക്കുകയല്ലേയെന്ന് തോന്നിപോകുന്നു.

ഇടവകകളിലും സ്ഥാപനങ്ങളിലും ഔദ്യോഗിക സന്ദർശനം നടത്തുന്നതിനോ, പരിപാടികളിൽ സംബന്ധിക്കുന്നതിനോ ഞാൻ വരുമ്പോൾ വിലകൊടുത്തുവാങ്ങിയ ബൊക്കെ തന്ന് എന്നെ സ്വീകരി





ക്കരുത്. സ്വീകരണചടങ്ങുകൾ ആകർഷകമാക്കാൻ വേണ്ടി ജനങ്ങളെ, പ്രത്യേകിച്ച് കുട്ടികളെ, വെയിലത്തുനിർത്തി ബുദ്ധിമുട്ടിപ്പിക്കരുത്. താലമേന്തിയും പൂക്കൾ വിതറിയും വിശിഷ്ടാതിഥികളെ സ്വീകരിക്കുന്ന പതിവ് ഇല്ലാതായി വരുന്നുണ്ട്. അത് തീർത്തും ഒഴിവാക്കുന്നതാണ് നല്ലത്.

മറ്റുള്ളവർക്ക് നാം സമ്മാനങ്ങൾ കൊടുക്കുന്ന സന്ദർഭങ്ങളുണ്ടാകാം. സ്വീകരിക്കുന്നവർക്ക് ഉപകാരപ്രദമായവ കൊടുക്കുന്നത് നല്ലതുതന്നെ. പള്ളിസംബന്ധമായ സന്ദർഭങ്ങളിലൊന്നിലും പ്ലാസ്റ്റിക്ക്പൂക്കളും വിലയേറിയ കൗതുകവസ്തുക്കളും സമ്മാനമായി കൊടുക്കരുത്. ഏതാനും മിനിറ്റുകൾ മാത്രം സ്റ്റേജിൽ പ്രത്യക്ഷപ്പെടുന്ന പെൺകുട്ടികൾ ആയിരക്കണക്കിന് രൂപ വില വരുന്ന വസ്ത്രങ്ങൾ ധരിക്കണമെന്ന് നിർബന്ധിക്കുന്ന സ്ഥാപനങ്ങളുണ്ട്. ധൂർത്തിന്റെ രോഗാതുരമായ മറ്റൊരു പ്രകടനമാണ് മദ്യപാനാസക്തി. മദ്യപൻ തന്റെ പണവും ആരോഗ്യവും സമയവും മാനവും എന്തിനോ വേണ്ടി ചിതറിച്ചുകളയുന്നു. കഴിഞ്ഞ ഇടയലേഖനത്തിൽ ഇതിനെപ്പറ്റി പ്രതിപാദിച്ചിരുന്നല്ലോ.

മാമോദീസ, ആദ്യകുർബാന സ്വീകരണം, വിവാഹം, പൗരോഹിത്യസ്വീകരണം, ജൂബിലി, വീടുവെഞ്ചരിപ്പ് തുടങ്ങിയവയോട് അനുബന്ധിച്ച് നടത്തുന്ന ചടങ്ങുകൾ കഴിയുന്നത്ര ലളിതമാക്കണം. അവ പണക്കൊഴുപ്പ് കാണിക്കുന്ന തരത്തിലാകരുത്. ഒരു പക്ഷേ വിപുലമായ ആഘോഷങ്ങൾ നടത്തുന്ന എല്ലാവർക്കും അതിനു താത്പര്യമുണ്ടാകണമെന്നില്ല. ഇങ്ങനെയൊക്കെ ചെയ്തില്ലെങ്കിൽ നാട്ടുകാർ എന്തുപറയും എന്ന ആശങ്കയായിരിക്കും ചിലരെയെങ്കിലും ഭരിക്കുന്നത്. ഇത്തരം സാമൂഹിക സമ്മർദ്ദത്തിന്റെ പേരിൽ കടം വാങ്ങിയും ആഘോഷങ്ങൾ നടത്തുന്നവരുമുണ്ട് എന്നത് ഖേദകരമാണ്.

നമ്മുടെയിടയിൽ മരണാനന്തരചടങ്ങുകളും മൃതസംസ്കാര ശുശ്രൂഷകളും ആർഭാടപൂർണ്ണമായി മാറാതിരിക്കാൻ ശ്രദ്ധിക്കണം. ജീവിതത്തിൽ ഒരിക്കലും സോക്സും ഷൂസും ധരിച്ചിട്ടില്ലാത്തവരെയും അന്ത്യയാത്രയിൽ സോക്സും ഷൂസുമണിയിച്ചുവിടുന്നതിലെ യുക്തിരാഹിത്യം നാം ചിന്തിക്കാറുണ്ടോ? ഈ പതിവ് ഉപേക്ഷിക്കുവാൻ സമയമായിരിക്കുന്നു. മരണവീട്ടിലെ ഫോട്ടോയെടുക്കലിന്റെയും വീഡിയോഗ്രഫിയുടെയും അതിപ്രസരം ഒന്നാലോചിച്ചാൽ

മരിച്ചവരോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതാണോ? ഇത്തരം ഫോട്ടോകൾ പിന്നീട് തുറന്നു നോക്കുന്നവർ വിരളമാണെന്ന് നമുക്കറിയാം. നമ്മുടെ പ്രിയപ്പെട്ടവരുടെ ജീവിച്ചിരിക്കുന്ന കാലത്തെ ഫോട്ടോകളായിരിക്കും നല്ല ഓർമ്മകൾ നമുക്ക് സമ്മാനിക്കുന്നത്. ചുരുക്കം സ്ഥലങ്ങളിൽ വിലയേറിയ മാർബിൾ മൂടികൾ കല്ലറകളിൽ സ്ഥാപിച്ച് കണ്ടിട്ടുണ്ട്. പരേതരോടുള്ള സ്നേഹം പ്രകടിപ്പിക്കുവാൻ വേണ്ടിയാണോ അത് ചെയ്യുന്നത്? അതിനേക്കാൾ എത്രയോ ശ്രേഷ്ഠമാണ് ജീവിച്ചിരിക്കുമ്പോൾ നമ്മുടെ പ്രിയപ്പെട്ടവരോട് കാണിക്കുന്ന കരുതലും സ്നേഹവും. റീത്തുസമർപ്പണം ഇന്നൊരു ഫാഷനായി മാറിയിരിക്കുന്നു. അതിനുപകരം പാവപ്പെട്ടവർക്ക് വിതരണം ചെയ്യാവുന്ന തുണികൾ സമർപ്പിച്ചിരുന്നെങ്കിൽ അത് മരിച്ചയാളുടെ ആത്മശാന്തിക്ക് സഹായകമാകുന്ന സൽക്കർമ്മമാകുമായിരുന്നു. റീത്തുകൾ ദീർഘനാൾ സെമിത്തേരിയിൽ ദ്രവിക്കാതെ കിടക്കുന്നത് അന്തരീക്ഷ മലനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

പ്രകൃതിവിഭവങ്ങൾ നാം ധൂർത്തടിച്ച് നശിപ്പിക്കരുത്. വെള്ളം അതിൽ പ്രധാനമാണ്. ഭക്ഷണം പാഴാക്കിക്കളയാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. വീണ്ടും ഉപയോഗിക്കാവുന്ന സാധനസാമഗ്രികൾ പുതുമ നഷ്ടപ്പെട്ടു എന്ന പേരിൽ അതിവേഗം വലിച്ചെറിയുന്നത് ശരിയല്ല. ഗുണകരമല്ലാത്ത ടെലിവിഷൻ പരിപാടികൾക്ക് മുന്നിലും മൊബൈൽ ഫോണിലുമായി തങ്ങളുടെ വിലപ്പെട്ട സമയം പാഴാക്കിക്കളയുന്നവരുണ്ട്. ഒരിക്കൽ നഷ്ടപ്പെടുത്തിയ സമയം നാം എങ്ങനെയാണ് തിരിച്ചെടുക്കുക? നാനാതരത്തിൽ നഷ്ടപ്പെടുത്തിയ സമയത്തിന് ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടിവരും. കാരണം, സമയം വിലപ്പെട്ട ദൈവദാനമാണ്.

ലളിതജീവിതം, ധൂർത്ത് ഒഴിവാക്കുന്നതോ മിതത്വം പാലിക്കുന്നതോ മാത്രമല്ല, പിന്നെയോ ഈശോയുടെ മനോഭാവം ഉൾക്കൊള്ളുന്നതാണത്. ഈശോ ഉപവസിക്കുക മാത്രമല്ല, വിരുന്നുകളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നിട്ടും അവൻ തീർത്തും ലളിതമായി ജീവിച്ചു. ലളിതജീവിതം ഒരു കാഴ്ച്ചപ്പാടിന്റെ ഫലമാണ്; ജീവിതശൈലിയാണ്; ആത്മാവിന്റെ പ്രതിഫലനമാണ്. പഴയനിയമത്തിൽ ഒരു പ്രാർത്ഥനയുണ്ട്: "എൻെറ ദൈവമേ, അങ്ങ് ഹൃദയം പരിശോധിക്കുന്നവനും അതിൻെറ ആർജവത്തിൽ ലാളിത്യത്തിൽ പ്രസാദിക്കുന്നവനും ആണെന്നു ഞാനറിയുന്നു" (1 ദിനവൃ 29:17). ഇത്തരം ലളിതജീവിതക്കാരുടെ വാക്കും പ്രവൃത്തിയും തമ്മിൽ കാര്യ





മായ അന്തരമുണ്ടാവുകയില്ല. ഇങ്ങനെ ലാളിത്യത്തെ സ്വന്തം ആത്മാവിൽ ഉൾക്കൊണ്ടതുകൊണ്ടാണ് അഭിവന്ദ്യ ജോസഫ് ഇരിമ്പൻ പിതാവ് ലാളിത്യത്തിന്റെ മാതൃകയായി ഇന്നും നമ്മുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്.

ലാളിത്യമുള്ളയാളെ ആർക്കും സമീപിക്കാൻ കഴിയും. അയാൾക്കു ചുറ്റും പൊങ്ങച്ചത്തിന്റെയോ ദുരഭിമാനത്തിന്റെയോ ആവരണങ്ങൾ ഉണ്ടായിരിക്കുകയില്ല. താൻ എന്തോ ആണെന്നമട്ടിൽ ഊതിവീർപ്പിച്ച അഹംബോധവുമായി അയാൾ ചരിക്കുകയില്ല. എളിമ അയാളുടെ മുഖപ്രസാദമായിരിക്കും. അയാൾ വാക്കുകൾ ധൂർത്തടിക്കുന്നവനുമല്ല. ഫ്രാൻസീസ് പാപ്പായുടെ സവിശേഷതകളിലൊന്നായി ലോകം തിരിച്ചറിയുന്നത് അദ്ദേഹത്തിന്റെ പ്രകടമായ ലാളിത്യമാണ്. ലളിതമാനസ്സർക്കേ ഹൃദയം ഹൃദയത്തോട് എന്ന മട്ടിൽ പൊതുവേദിയിലും സ്വകാര്യ സംഭാഷണങ്ങളിലും ചിന്തകളും ആശയങ്ങളും പങ്കുവെയ്ക്കാൻ കഴിയൂ.

നാല്പതുനാൾ ഉപവസിച്ചുമാത്രമല്ല, ദേവാലയത്തിന്റെ മുകളിൽനിന്നു ചാടി ശക്തി തെളിയിക്കാനും ലോകസമ്പത്തിനുവേണ്ടി സാത്താന്റെ മുമ്പിൽ കുമ്പിടാനുള്ള പ്രലോഭനത്തെ അതിജീവിച്ചുമാണ് ഈശോ ലാളിത്യം തെളിയിച്ചത്. ഈശോയെപ്പോലെ വസ്തുവകകളുടെ വിനിയോഗത്തിലും വ്യക്തിപരമായ പെരുമാറ്റത്തിലും ലാളിത്യം സ്വന്തമാക്കാനും ഉറപ്പിക്കാനും ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ. ഇതായിരിക്കട്ടെ ഉയിർപ്പു തിരുനാളിനുള്ള ഈ വർഷത്തെ നമ്മുടെ ഏറ്റവും അർത്ഥവത്തായ ഒരുക്കം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്



**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **2014 മാർച്ച് 9-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# നോമ്പുകാലസന്ദേശം – 2014

## ഫ്രാൻസിസ് മാർപാപ്പാ

*"അവൻ നിങ്ങളെപ്രതി ദരിദ്രനായി; തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ"* (cf 2 കോറി 8:9)

**പ്രിയസഹോദരീസഹോദരന്മാരേ,**

1. നോമ്പുകാലം സമീപസ്ഥമായിരിക്കുന്ന ഈ സന്ദർഭത്തിൽ, വ്യക്തികളും സമൂഹവുമെന്ന നിലയിൽ നമ്മുടെ മാനസാന്തരത്തിന്റെ മാർഗത്തെക്കുറിച്ച് സഹായകരമായ ചില ചിന്തകൾ നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ചിന്തകൾ വിശുദ്ധ പൗലോസിന്റെ വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടവയാണ്: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി – തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ" (2 കോറി 8:9). അപ്പസ്തോലൻ കോറിന്തിലെ ക്രിസ്ത്യാനികൾക്ക് എഴുതുകയായിരുന്നു. ആവശ്യത്തിൽപ്പെട്ട ജറുസലെമിലെ ക്രിസ്ത്യാനികളെ ഔദാര്യപൂർവം സഹായിക്കാൻ വേണ്ടിയാണ് എഴുതിയത്. വിശുദ്ധ പൗലോസിന്റെ ഈ വാക്കുകൾക്ക് ഇന്ന് നമ്മെ സംബന്ധിച്ച് എന്ത് അർത്ഥമാണുള്ളത്? ദാരിദ്യത്തിലേക്ക്, പ്രത്യേകിച്ചു സുവിശേഷപരമായ ദാരിദ്യത്തിലേക്ക് ഉള്ള, ഈ ക്ഷണത്തിനുള്ള അർത്ഥമെന്താണ്?

**ക്രിസ്തുവിന്റെ കൃപ**

2. ഒന്നാമതായി, ദൈവം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ഇതു കാണിക്കുന്നു. അവിടന്ന് ലൗകികാധികാരത്തിന്റെയും സമ്പത്തിന്റെയും വസ്ത്രമണിഞ്ഞ് സ്വയം വെളിപ്പെടുത്തുന്നില്ല. മറിച്ച് ദൗർബല്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും വേഷമണിഞ്ഞ് അവിടന്ന് കാണപ്പെട്ടു. "അവിടന്ന് സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി". ക്രിസ്തു, ദൈവത്തിന്റെ നിത്യനായ പുത്രൻ, അധികാരത്തിലും മഹത്ത്വത്തിലും പിതാവിനോട് ഒന്നായിരിക്കുന്നവൻ, ദരിദ്രനാകാൻ ഇഷ്ടപ്പെട്ടു. അവിടന്ന് നമ്മുടെയിടയിലേക്കു വന്നു. നമ്മിൽ ഓരോരുത്തരുടെയും അടുക്കലേക്കു വന്നു. അവിടന്ന് തന്റെ മഹത്ത്വം മാറ്റിവച്ച് സ്വയം ശൂന്യനായി. എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെയാ





കാൻ വേണ്ടിത്തന്നെ (cf ഫിലി 2:7; ഹെബ്രാ 4:15). ദൈവം മനുഷ്യനായിത്തീർന്നുവെന്നത് വലിയ രഹസ്യമാണ്! എന്നാൽ ഇതിന്റെയെല്ലാം കാരണം അവിടത്തെ സ്നേഹമാണ്. കൃപയും ഔദാര്യവുമായിട്ടുള്ള സ്നേഹം, അടുത്തുവരാനുള്ള ആഗ്രഹം, സ്നേഹിക്കപ്പെട്ട വ്യക്തിക്കുവേണ്ടി സ്വയം ബലിയായി സമർപ്പിക്കുന്നതിൽ ശങ്കിക്കാത്ത സ്നേഹം. നമ്മൾ എല്ലാ കാര്യത്തിലും സ്നേഹിക്കുന്ന വ്യക്തിയുമായി പങ്കുവയ്ക്കുന്നു. അത് പരസ്നേഹമാകുന്ന സ്നേഹമാണ്. സ്നേഹം നമ്മെ സദൃശരാക്കുന്നു. അത് സമത്വം സൃഷ്ടിക്കുന്നു. അത് വിഭജനഭിത്തികളെ തകർക്കുകയും അകല്ച്ച ഇല്ലാതാക്കുകയും ചെയ്യുന്നു. ദൈവം നമ്മോട് ഇപ്രകാരമാണ് പ്രവർത്തിച്ചത്. യഥാർത്ഥത്തിൽ യേശു "സ്വന്തം കൈകൾകൊണ്ട് അധ്വാനിച്ചു. മാനുഷിക മനസ്സോടെ ചിന്തിച്ചു, മാനുഷിക തിരഞ്ഞെടുപ്പു വഴി പ്രവർത്തിച്ചു. മാനുഷിക ഹൃദയത്തോടെ സ്നേഹിക്കുകയും ചെയ്തു. കന്യകാമറിയത്തിൽ നിന്നു ജനിച്ച അവിടന്ന് യഥാർത്ഥത്തിൽ നമ്മിൽ ഒരാളായി. പാപമൊഴികെ എല്ലാറ്റിലും നമ്മേപ്പോലെയായി" (ഗാവുദിയും ഏത്ത് സ്പെസ്, 22).

3. യേശു തന്നെത്തന്നെ ദരിദ്രനാക്കി അവിടന്ന് ദാരിദ്ര്യത്തിനുവേണ്ടി ദാരിദ്ര്യത്തെ സ്നേഹിച്ചില്ല. പിന്നെയോ വിശുദ്ധ പൗലോസ് പറയുന്നതുപോലെ "തന്റെ ദാരിദ്ര്യംകൊണ്ട് നിങ്ങൾ സമ്പന്നരാകാൻ വേണ്ടി" ദാരിദ്ര്യം അന്വേഷിച്ചു. ഇത് വാക്കുകൾകൊണ്ടുള്ള കളിയല്ല; സൂചനാത്മകശൈലി പ്രയോഗമല്ല. പിന്നെയോ ഇത് ദൈവത്തിന്റെ യുക്തിയുടെ സംക്ഷേപമാണ്, സ്നേഹത്തിന്റെ യുക്തിയുടെ, മനുഷ്യാവതാരത്തിന്റെയും കുരിശിന്റെയും യുക്തിയുടെ, സംക്ഷേപം. ഭക്തികൊണ്ടും പരക്ഷേമചിന്തകൊണ്ടും ഒരുവൻ തന്റെ സമൃദ്ധിയിൽ നിന്ന് ധർമ്മം കൊടുക്കുന്നതുപോലെ നമ്മുടെ രക്ഷ സ്വർഗത്തിൽ നിന്ന് വീഴാൻ ദൈവം അനുവദിച്ചില്ല. ക്രിസ്തുവിന്റെ സ്നേഹം വ്യത്യസ്തമാണ്. യേശു യോർദാൻ നദിയിലെ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങുകയും സ്നാപക യോഹന്നാനിൽ നിന്ന് മാമ്മോദീസ സ്വീകരിക്കുകയും ചെയ്തു. അവിടത്തേക്ക് പശ്ചാത്താപത്തിന്റെയോ മാനസാന്തരത്തിന്റെയോ ആവശ്യമുണ്ടായിരുന്നതുകൊണ്ടല്ല അങ്ങനെ ചെയ്തത്. പാപപ്പൊറുതി ആവശ്യമുള്ളവരുടെയിടയിൽ, പാപികളായ നമ്മുടെയിടയിൽ, ആയിരിക്കാനും നമ്മുടെ പാപങ്ങളുടെ ഭാരം വഹിക്കാനും വേണ്ടിയാണ് അങ്ങനെ ചെയ്തത്. ഇങ്ങനെ നമ്മെ

ആശ്വസിപ്പിക്കാനും രക്ഷിക്കാനും നമ്മുടെ ദുരിതത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കാനും അവിടന്ന് നിശ്ചയിച്ചു. "ക്രിസ്തുവിന്റെ സമ്പത്തുകൊണ്ടല്ല അവിടത്തെ ദാരിദ്ര്യംകൊണ്ടാണ് നമ്മൾ സ്വതന്ത്രരാക്കപ്പെട്ടത്" എന്ന അപ്പസ്തോലന്റെ പ്രസ്താവന ശ്രദ്ധേയമാണ്. എന്നാലും ക്രിസ്തുവിന്റെ ദുർഗ്രഹ സമ്പന്നതയെക്കുറിച്ച് വിശുദ്ധ പൗലോസിന് നന്നായിട്ട് അറിയാം (എഫേ 3:8). അവിടന്ന് "എല്ലാറ്റിന്റെയും അവകാശി"യാണെന്നു അദ്ദേഹത്തിനറിയാം (ഹെബ്രാ 1:2).

4. അതുകൊണ്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കാനും സമ്പന്നരാക്കാനും ഉപയോഗിക്കുന്ന ഈ ദാരിദ്ര്യം എന്താണ്? അത് അവിടന്ന് നമ്മെ സ്നേഹിക്കുന്ന രീതിയാണ്. മരണാസന്നനായി വഴിയരുകിൽ ഉപേക്ഷിക്കപ്പെട്ട മനുഷ്യന് നല്ല സമറായൻ അയൽക്കാരനായതുപോലെ (cf ലൂക്കാ 10:25 ff) നമ്മുടെ അയൽക്കാരനായിരിക്കുന്ന രീതിയാണ്. അവിടത്തെ സ്നേഹത്തിന്റെ കാരുണ്യവും അനുകമ്പയും ഐക്യദാർഢ്യവുമാണ് നമുക്ക് യഥാർത്ഥമായ സ്വാതന്ത്ര്യവും രക്ഷയും സന്തോഷവും നല്കുന്നത്. നമ്മെ സമ്പന്നരാക്കുന്ന ക്രിസ്തുവിന്റെ ദാരിദ്യമെന്നത് നമ്മോടുള്ള ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന്റെ പ്രകടനമെന്ന നിലയിൽ അവിടന്ന് നമ്മുടെ ശരീരം സ്വീകരിക്കുകയും നമ്മുടെ ദൗർബല്യങ്ങളും പാപങ്ങളും വഹിക്കുകയും ചെയ്തു എന്നതാണ്. ക്രിസ്തുവിന്റെ ദാരിദ്ര്യം സർവോത്കൃഷ്ടമായ നിധിയാണ്. യേശുവിന് പിതാവായ ദൈവത്തിലുള്ള അതിരറ്റ വിശ്വാസം, സ്ഥിരമായ ആത്മധൈര്യം, എപ്പോഴും പിതാവിന്റെ ഇഷ്ടം മാത്രം നിറവേറ്റാനും അവിടത്തേക്കു നന്ദി പറയാനുമുള്ള ആഗ്രഹവും ആണ് അവിടത്തെ സമ്പത്ത്. താൻ സ്നേഹിക്കപ്പെടുന്നുവെന്നു തോന്നുകയും മാതാപിതാക്കന്മാരെ അവരുടെ സ്നേഹത്തെയും അനുകമ്പയെയും കുറിച്ചു ഒരു നിമിഷവും സംശയിക്കാതെ സ്നേഹിക്കുകയും ചെയ്യുന്ന ശിശുവിനെപ്പോലെ യേശു സമ്പന്നനാണ്. യേശുവിന്റെ സമ്പത്ത് ദൈവപുത്രനായിരിക്കുന്നു വെന്നതിലാണ്. പിതാവിനോടുള്ള അവിടത്തെ അനന്യമായ ബന്ധം ദരിദ്രനായ ഈശോമിശിഹായുടെ പരമോത്കൃഷ്ടമായ വിശേഷാനുകൂല്യമാണ്. "വഹിക്കാൻ എളുപ്പമുള്ള തന്റെ നുകം" യേശു നമ്മോട് ആവശ്യപ്പെടുമ്പോൾ "സമ്പന്നമായ തന്റെ ദാരിദ്യം"കൊണ്ടും "ദരിദ്രമായ തന്റെ സമ്പന്നത"കൊണ്ടും സമ്പന്നരാകാൻ നമ്മോട് ആവശ്യപ്പെടുകയാണ്. അവിടത്തെ പുത്രസഹജവും ഭ്രാതൃസഹജവു





മായ ആത്മാവിൽ പങ്കുചേരാനും പുത്രനിൽ പുത്രീപുത്രന്മാരും പ്രഥമജാതനായ സഹോദരനിൽ സഹോദരീസഹോദരന്മാരാകാനും വേണ്ടിയാണത് (cf റോമാ 8:29).

5. ഒരു വിശുദ്ധനായിരിക്കാൻ കഴിയുന്നില്ലെന്നതാണ് യഥാർത്ഥ ദു:ഖം (എൽ ബ്ളോയ്) എന്നു പറയാറുണ്ട്. നമുക്ക് ഇങ്ങനെയും പറയാം. യഥാർത്ഥത്തിൽ ഒരു ദാരിദ്ര്യമേ ഉള്ളൂ; ദൈവത്തിന്റെ മക്കളായും ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരായും ജീവിക്കാൻ കഴിയാത്തതാണ് ആ ദാരിദ്ര്യം.

**നമ്മുടെ സാക്ഷ്യം**

6. ദാരിദ്ര്യത്തിന്റെ ഈ "മാർഗം" യേശുവിന്റെ മാർഗമാണ്. എന്നാൽ അവിടത്തെ ശരിയായ മാനുഷിക വിഭവങ്ങൾകൊണ്ടേ ലോകത്തെ രക്ഷിക്കാൻ കഴിയൂ എന്ന് നമ്മൾ ചിന്തിച്ചേക്കാം. ഇതു ശരിയല്ല. ദൈവം മനുഷ്യവംശത്തെ എല്ലാകാലത്തും എല്ലാസ്ഥലത്തും രക്ഷിച്ചുകൊണ്ടിരിക്കുന്നത് ക്രിസ്തുവിന്റെ ദാരിദ്ര്യത്തിലൂടെയാണ്. കൂദാശകളിലും വാക്കുകളിലും ദരിദ്രരുടേതായ തന്റെ സഭയിലും സ്വയം ദരിദ്രനാക്കുന്ന ക്രിസ്തുവിന്റെ ദാരിദ്ര്യത്തിലൂടെയാണ്. ദൈവത്തിന്റെ സമ്പന്നത നമ്മുടെ സമ്പത്തിലൂടെയല്ല, പിന്നെയോ ക്രിസ്തുവിന്റെ, പരിശുദ്ധാത്മാവിനാൽ സജീവമാക്കപ്പെടുന്ന നമ്മുടെ വൈയക്തികവും സാമൂഹികവുമായ ദാരിദ്ര്യത്തിലൂടെ മാത്രമാണ് കടന്നുപോകുന്നത്.

7. ക്രൈസ്തവരായ നമ്മൾ നമ്മുടെ ഗുരുവിനെ പിഞ്ചെന്നുകൊണ്ട്, നമ്മുടെ സഹോദരീസഹോദരന്മാരുടെ ദാരിദ്ര്യത്തെ നേരിടാനും അതിനെ സ്പർശിക്കാനും അതിനെ നമ്മുടേതാക്കാനും അതിനെ ലഘൂകരിക്കാൻ വേണ്ട പ്രായോഗിക മാർഗങ്ങൾ സ്വീകരിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. അനാഥത്വവും ദാരിദ്ര്യവും ഒന്നല്ല. അനാഥത്വം വിശ്വാസവും പിന്തുണയും പ്രത്യാശയുമില്ലാത്ത ദാരിദ്യമാണ്. മൂന്നു തരത്തിലുള്ള അനാഥത്വമുണ്ട്: ഭൗതികം, ധാർമ്മികം, ആധ്യാത്മികം. ഭൗതികമായ അനാഥത്വമാണ് സാധാരണമായി ദാരിദ്ര്യമെന്നു വിളിക്കപ്പെടുന്നത്. മനുഷ്യമഹത്ത്വത്തിന് വിരുദ്ധമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരെ അതു ബാധിക്കുന്നു. മൗലികാവകാശങ്ങൾ ലഭിക്കാത്തവരെയും ഭക്ഷണം, ജലം, ആരോഗ്യപാലനം തൊഴിൽ, സാംസ്കാരികമായി വികസിക്കാനും വളരാനും വേണ്ട അവസരം എന്നതൊക്കെ ഇല്ലാത്തവരെയും അതു ബാധിക്കുന്നു. ഈ

അനാഥത്വത്തോടു പ്രത്യുത്തരിക്കുന്നതിന് സഭ ഈ ആവശ്യങ്ങളിൽ സഹായിക്കുന്നു, ശുശ്രൂഷ (ദിയാക്കോണിയ) നല്കുന്നു. മനുഷ്യവംശത്തിന്റെ മുഖത്തെ വിരൂപമാക്കുന്ന ഈ മുറിവുകളെ വച്ചുകെട്ടുന്നു. ദരിദ്രരിലും സമൂഹഭ്രഷ്ടരിലും നമ്മൾ ക്രിസ്തുവിന്റെ മുഖം കാണുന്നു. ദരിദ്രരെ സ്നേഹിച്ചും സഹായിച്ചും നാം ക്രിസ്തുവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു. ലോകത്തിൽ മനുഷ്യ മഹത്ത്വത്തിന്റെ ലംഘനങ്ങളും വിവേചനവും ദുരുപയോഗവും അവസാനിപ്പിക്കുന്നതിനുവേണ്ടിയും നമ്മൾ പരിശ്രമിക്കുന്നുണ്ട്. എന്തെന്നാൽ ഇവയെല്ലാമാണ് മിക്കപ്പോഴും അനാഥത്വത്തിന്റെ കാരണങ്ങൾ. അധികാരവും സുഖാസക്തിയും പണവും വിഗ്രഹങ്ങളാകുമ്പോൾ സമ്പത്തിന്റെ നീതിപൂർവകമായ വിഭജനമെന്ന ആവശ്യത്തിനു നല്കേണ്ട മുൻഗണന അവയ്ക്കു നല്കപ്പെടുന്നു. അതുകൊണ്ട് നമ്മുടെ മനസ്സാക്ഷി നീതിയിലേക്കും സമത്വത്തിലേക്കും ലാളിത്യത്തിലേക്കും പങ്കുവയ്ക്കലിലേക്കും തിരിയേണ്ടിയിരിക്കുന്നു.

8. ധാർമ്മികമായ അനാഥത്വവും ഇതുപോലെ തന്നെയുള്ള പ്രശ്നമാണ്. അത് തിന്മയ്ക്കും പാപത്തിനും വിധേയപ്പെടുന്നതുകൊണ്ടുള്ള അടിമത്തമാണ്. കുടുംബാംഗം – മിക്കപ്പോഴും ഒരു യുവാവ് – മദ്യത്തിനും മയക്കുമരുന്നിനും ചൂതുകളിക്കും അശ്ലീലസാഹിത്യത്തിനും അടിമയാകുമ്പോൾ എത്രമാത്രം വേദനയാണ് കുടുംബങ്ങളിൽ ഉണ്ടാകുന്നത്! ജീവിതത്തിൽ അർത്ഥം കാണാത്ത അല്ലെങ്കിൽ ഭാവിയെപ്പറ്റി പ്രത്യാശയില്ലാത്ത എത്രയോ ആളുകളുണ്ട്! എത്രയോ വ്യക്തികൾക്ക് പ്രത്യാശ നഷ്ടപ്പെട്ടിരിക്കുന്നു! നീതിയില്ലാത്ത സാമൂഹികാവസ്ഥകൾ മൂലം എത്രയോ പേർ ഈ അനാഥത്വത്തിൽ മുങ്ങിത്താഴുന്നു. അപ്പം നേടുന്നവരെന്ന നിലയിലുള്ള മഹത്ത്വത്തെ എടുത്തുകളയുന്ന തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിനും ആരോഗ്യപാലനത്തിനും തുല്യമായ സൗകര്യം ലഭിക്കായ്ക എന്നിവകൊണ്ട് അങ്ങനെ സംഭവിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ധാർമ്മിക അനാഥത്വം ആത്മഹത്യയ്ക്ക് പ്രേരണയായി കരുതപ്പെടാം. സാമ്പത്തികനാശത്തിനു കൂടി കാരണമാകുന്ന ഇത്തരം അനാഥത്വം എല്ലായ്പ്പോഴും ആധ്യാത്മികമായ അനാഥത്വത്തോടു ബന്ധപ്പെട്ടിരിക്കുന്നു. അതാകട്ടെ, നാം ദൈവത്തിൽ നിന്നു പിന്തിരിയുകയും അവിടത്തെ സ്നേഹം തള്ളിക്കളയുകയും ചെയ്യുമ്പോൾ അനുഭവിക്കു





ന്നതാണ്. ക്രിസ്തുവിലൂടെ നമ്മിലേക്ക് എത്തിച്ചേരുന്ന ദൈവത്തെ നമുക്ക് ആവശ്യമില്ലെന്ന് നാം വിചാരിക്കുന്നുവെങ്കിൽ നമ്മുടെ കാര്യങ്ങളെല്ലാം നമുക്കു തന്നെ നിർവഹിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നതുകൊണ്ട് നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ നാം വീഴാൻ പോവുകയാണ്. ദൈവത്തിനുമാത്രമേ നമ്മെ യഥാർത്ഥത്തിൽ രക്ഷിക്കാനും സ്വതന്ത്രരാക്കാനും കഴിയുകയുള്ളൂ.

9. ആധ്യാത്മിക അനാഥത്വത്തിനുള്ള യഥാർത്ഥ മറുമരുന്ന് സുവിശേഷമാണ്. ക്രിസ്ത്യാനികളെന്ന നിലയിൽ നാം എവിടെപ്പോയാലും വിമോചനകരമായ സന്ദേശം പ്രഘോഷിക്കണം. ചെയ്ത പാപങ്ങൾക്കു മാപ്പുകിട്ടാൻ സാധിക്കുമെന്നും നമ്മുടെ പാപാവസ്ഥയെക്കാൾ വലിയവനാണു ദൈവമെന്നും അവിടന്ന് എപ്പോഴും നമ്മെ സൗജന്യമായി സ്നേഹിക്കുന്നുവെന്നും നാം കൂട്ടായ്മയ്ക്കും ശാശ്വത ജീവിതത്തിനും വേണ്ടി സൃഷ്ടിക്കപ്പെട്ടവരാണെന്നുമുള്ള വാർത്ത അറിയിക്കണം. കാരുണ്യത്തിന്റെയും പ്രത്യാശയുടെയും ഈ സന്ദേശത്തിന്റെ സന്തോഷപൂർണരായ മുന്നോടികളാകാൻ കർത്താവു നമ്മോട് ആവശ്യപ്പെടുന്നു. ഈ സദ്‌വാർത്ത പ്രചരിപ്പിക്കുന്നത് തീവ്രമായ ആനന്ദത്തിന്റെ അനുഭവമാണ്. നമ്മെ ഏല്പിച്ചിട്ടുള്ള നിക്ഷേപം പങ്കുവയ്ക്കുന്നത്, തകർന്ന ഹൃദയങ്ങളെ ആശ്വസിപ്പി ക്കുന്നത്, അന്ധകാരം അനുഭവിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്ക് പ്രത്യാശ പ്രദാനം ചെയ്തുകൊണ്ട് അങ്ങനെ ചെയ്യുന്നത് ആനന്ദപ്രദമാണ്. അത് യേശുവിനെ അനുഗമിക്കലും അനുകരിക്കലു മാണ്. അവിടന്ന് നഷ്ടപ്പെട്ട ആടിനെ സ്നേഹപൂർവം അന്വേഷിക്കുന്ന ഇടയപ്പോലെ ദരിദ്രരെയും പാപികളെയും അന്വേഷിച്ചവനാണല്ലോ.

യേശുവുമായുള്ള ഐക്യത്തിൽ, സുവിശേഷവത്കരണത്തിന്റെയും മനുഷ്യവംശസമുദ്ധാരണത്തിന്റെയും പുതിയ പാതകൾ ധീരതയോടെ വെട്ടിത്തുറക്കാൻ നമുക്കു സാധിക്കും.

10. പ്രിയ സഹോദരീസഹോദരന്മാരേ, ഈ നോമ്പുകാലം മുഴുവൻ സഭ സാക്ഷ്യം വഹിക്കാൻ സന്നദ്ധതയുള്ളതായി കാണട്ടെ. ഭൗതികവും ധാർമ്മികവും ആധ്യാത്മികവുമായ അനാഥത്വത്തിൽ ജീവിക്കുന്നവർക്ക് നമ്മുടെ പിതാവായ ദൈവത്തിന്റെ കരുണാപൂർണമായ സുവിശേഷസന്ദേശത്തിനു അത് സാക്ഷ്യം വഹിക്കുന്നതായി കാണപ്പെടട്ടെ. അവിടന്ന് എല്ലാവരെയും ക്രിസ്തുവിൽ ആശ്ലേഷിക്കാൻ സന്നദ്ധനാണ്. ദരിദ്രനായിത്തീരുകയും തന്റെ ദാരിദ്ര്യം മൂലം

നമ്മെ സമ്പന്നരാക്കുകയും ചെയ്ത ക്രിസ്തുവിനെ നാം അനുകരിക്കുന്നിടത്തോളം മാത്രമേ നമുക്ക് അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. ആത്മ-പരിത്യാഗത്തിനു യോജിച്ച സമയമാണ് നോമ്പുകാലം. നമ്മുടെ ദാരിദ്ര്യംകൊണ്ട് മറ്റുള്ളവരെ സഹായിക്കാനും സമ്പന്നരാക്കാനും വേണ്ടി എന്തുകൊടുക്കാൻ സാധിക്കുമെന്നു നമ്മോടുതന്നെ ചോദിക്കുന്നതു നന്നായിരിക്കും. യഥാർത്ഥമായ ദാരിദ്ര്യം വേദനാജനകമാണെന്ന കാര്യം നമുക്കു മറക്കാതിരിക്കാം. പ്രായശ്ചിത്തത്തിന്റെ ഈ മാനം ഇല്ലാത്ത ആത്മ-പരിത്യാഗം യഥാർത്ഥ പരിത്യാഗമല്ല. യാതൊരു ചെലവുമില്ലാത്തതും വേദനിപ്പിക്കാത്തുമായ പരസ്നേഹത്തിൽ ഞാൻ വിശ്വസിക്കുന്നില്ല.

11. "നാം ദരിദ്രരെപ്പോലെയാണെങ്കിലും അനേകരെ സമ്പന്നരാക്കുന്നതും ഒന്നുമില്ലാത്തവരെപ്പോലെയാണെങ്കിലും എല്ലാം ആർജിക്കുന്നതും" (2 കോറി 6;10) പരിശുദ്ധാത്മാവിലൂടെയാണ്. നമ്മുടെ പ്രതിജ്ഞകളിൽ നിലനില്ക്കാൻ ആ പരിശുദ്ധാത്മാവ് നമ്മെ താങ്ങിനിറുത്തട്ടെ. മാനുഷിക അനാഥത്വത്തെ സംബന്ധിച്ച നമ്മുടെ താത്പര്യവും ഉത്തരവാദിത്വബോധവും അവിടന്ന് വർധിപ്പിക്കട്ടെ. അങ്ങനെ കരുണയുള്ളവരാകുകയും കാരുണ്യത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നവരാകട്ടെ. ഓരോ വിശ്വാസിയും ഓരോ സഭാസമൂഹവും ഫലപൂർണമായ ഒരു നോമ്പുകാലയാത്ര തുടങ്ങാൻ ഇടയാകട്ടെയെന്ന്, ഈ പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ട്, ഞാൻ പ്രാർത്ഥിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളോട് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. നമ്മുടെ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. കന്യകമറിയം നിങ്ങളെ സുരക്ഷിതരായി സൂക്ഷിക്കട്ടെ.

വത്തിക്കാനിൽ നിന്ന്, 26 ഡിസംബർ 2013,

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025/06.02.2014/Ref: 2783/K 35/OL/KCBC/DS





APOSTOLIC NUNCIATURE
IN INDIA

50-C, NITI MARG, CHANAKYAPURI
NEW DELHI - 110 021

18 February 2014

N. 6222/14

Dear Brother Mar Jacob,

On my return to New Delhi, I wish to sincerely thank you and your close collaborators for the warm welcome reserved to me during my short visit to the Eparchy of Palghat.

I appreciated the programme you arranged for me, with the reception at St. Raphael's Cathedral and the blessing of the foundation stone for the De-Addiction Centre.

Please convey my deepest gratitude also to your Vicar General, the Chancellor, and all those who collaborated in different ways for the success of this visit.

With fraternal wishes and prayers, I remain

Yours sincerely in Christ,

Archbishop Salvatore Pennacchio
Apostolic Nuncio

His Lordship
Right Reverend **Mar Jacob Manathodath**
Bishop of Palghat
Bishop's House
P.B. 4, Noorani P.O.
PALAKKAD – 678 004 (Kerala)



# BISHOP'S Engagements

## 2014 March

| | | |
|---|---|---|
| 1 | | Diaconate, Bishop's House |
| 2 | | Nithyasahaya Matha Church, Mankavu |
| 3 | | Ash Monday, Cathedral |
| 4 | PM | PSSP Meeting, Pastoral Centre |
| 6 | | Sehion Retreat Centre, Thavalam |
| 7 | | Divine Providence Church, Chandranagar |
| 8 | PM | Meeting, Pastoral Centre |
| 9 | AM | Lourde Matha Forane Church, Vadakkencherry |
| | PM | St. Mary's Minor Seminary, Kallepully |
| 10 | PM | Meeting, Bishop's House |
| 11 | | Monthly Recollection, Bishop's House |
| 12-13 | | Mount St. Thomas, Kakkanad |
| 16 | AM | Kongad |
| | PM | St. Raphael's Cathedral |
| 19 | | Sehion Retreat Centre, Thavalam |
| 22 | | KCYM Meeting, Pastoral Centre |
| 23 | | Episcopal Ordination, Kannur |
| 26 | PM | St. Mary's Minor Seminary, Kallepully |
| 27-28 | | Mount St. Thomas, Kakkanad |
| 29 | 7.30 | Clerical Vestition & Minor Orders, Kallepully |








**ആശംസകൾ**

മാർച്ച് 19ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന രൂപത വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചനും ജോസഫ് നാമധാരികളായ മറ്റെല്ലാ വൈദികർക്കും തിരുനാൾ ആശംസകൾ.

**നിത്യാരാധന കപ്പേള**

മാർച്ച് 3 തിങ്കളാഴ്ച (വിഭൂതിത്തിരുനാൾ) നിത്യാരാധന കപ്പേളയിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

**മാസധ്യാനം**

വൈദികരുടെ മാസധ്യാനം മാർച്ചുമാസം 11-ാം തിയ്യതി രൂപതാകാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നു.

**ചരിത്രക്കുറിപ്പ്**

നമ്മുടെ പള്ളികളിൽ നിന്നും എഴുതിതന്ന റിപ്പോർട്ടും രൂപതാകാര്യാലയത്തിലെ രേഖകളും ഉൾക്കൊള്ളിച്ചാണ് രൂപതയുടെ ചരിത്രഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് തയ്യാറാക്കിയിട്ടുള്ളത്. ത്രൈമാസ സമ്മേളനത്തിൽ അറിയിച്ചതുപോലെ ബന്ധപ്പെട്ട പള്ളികളുടെ ചരിത്രം ബഹു. അച്ചന്മാർ വായിച്ചുനോക്കി നിർദ്ദേശങ്ങൾ വേറെ പേപ്പറിൽ എഴുതി ചരിത്ര കുറിപ്പോടെ മാർച്ച് 18 ന് മുമ്പ് തിരിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു. 2010 നു ശേഷം ഇടവകയിൽ നടന്ന പ്രധാന സംഭവങ്ങളും സമർപ്പിതരുടെ പൂർണ്ണലിസ്റ്റും ഇതോടൊപ്പം എഴുതിത്തരേണ്ടതാണ്.

**ഓഡിറ്റിംഗ്**

പള്ളിക്കണക്ക് രൂപതാകാര്യാലയത്തിൽ ഓഡിറ്റ് ചെയ്യണമെന്നുള്ളവർ അനുബന്ധപുസ്തകങ്ങളും റെക്കോർഡുകളും 2014 മെയ് 22 നു മുമ്പ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**കരം അടച്ച രസീത്**

വാർഷിക തെരട്ടിനൊപ്പം, പള്ളി ഭൂസ്വത്തുകളുടെ കരം അടച്ച രസീതും നിർബന്ധമായും കൊണ്ടുവരണം.

**12 A സർട്ടിഫിക്കറ്റ്:**

12 A സർട്ടിഫിക്കറ്റ് ലഭിക്കാത്ത പള്ളികളും സ്ഥാപനങ്ങളും ഓഫീസിൽ വിവരം അറിയിക്കേണ്ടതാണ്.

**വിവിധ പിരിവുകൾ**

2013-2014 വർഷത്തെ രൂപതാദിന പിരിവും മിഷൻ ഞായർ പിരിവും ഈ മാസം തന്നെ എല്ലാ പള്ളികളും സ്ഥാപനങ്ങളും രൂപതാകാര്യാലത്തിൽ ഏല്പ്പിക്കേണ്ടതാണ്. ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ കണക്കുകൾ പ്രസിദ്ധീകരിക്കുന്നതാണ്.

**രൂപതാബുള്ളറ്റിൻ വരിസംഖ്യ**

രൂപതാബുള്ളറ്റിൻ വരിസംഖ്യ അടക്കായ്ത്തവർ മാർച്ച് 31ന് മുമ്പ് രൂപതാ കാര്യാലയത്തിൽ ഏല്പ്പിക്കേണ്ടതാണ്.

**വാർഷിക സ്ഥിതിവിവര കണക്കുകൾ**

ഇടവകകളുടെയും സ്ഥാപനങ്ങളുടെയും 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക സ്ഥിതിവിവരകണക്ക് രൂപതാകാര്യാലയത്തിൽ ഏല്പ്പിക്കാത്തവർ മാർച്ച് 5ന് മുമ്പ് രൂപതാ ചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്. സ്ഥിതിവിവര കണക്കുകൾ നൽകുവാനുള്ള ഫോം ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും ലഭ്യമാണ്.

**ദൈവവിളിധ്യാനം & ഇന്റൻസീവ് കാറ്റികിസം**

രൂപതയിലെ ദൈവവിളിധ്യാനത്തെക്കുറിച്ചും ഇന്റൻസീവ് കാറ്റികിസത്തെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾക്കായി സെമിനാരി വാർത്തകൾ കാണുക (പേജ് 34).

**എപ്പാർക്കിയൽ അസംബ്ലി**

രൂപത അസംബ്ലിയിൽ രൂപത മുഴുവന്റെയും പങ്കാളിത്തം വരുന്നത് അസംബ്ലിക്ക് ഒരുക്കമായ പഠനരേഖകൾ കുടുംബയുണിറ്റുതലമുതൽ ചർച്ച ചെയ്യുന്നതിലാണ്. നവംമ്പർ 24-27 വരെ നടത്തപ്പെടുന്ന അസംബ്ലിയിൽ അവതരിപ്പിക്കപ്പെടുന്ന വിഷയങ്ങൾ യൂണിറ്റുതലങ്ങളിൽ ചർച്ച ചെയ്യണം. പഠനരേഖകൾ വികാരി മുഖേന എല്ലാ ഇടവകയിലും എത്തിച്ചിട്ടുണ്ട്. ആ പുസ്തകത്തിലെ 7-ാം പേജിലുള്ള ആവതാരിക ശരിക്കും വായിച്ചുമനസിലാക്കി വേണ്ട ക്രമീകരണങ്ങൾ നടത്തണം.





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Apr-14 | TUE | Rev. Fr. Kannampadathil Johnson |
| 2-Apr-14 | WED | Rev. Fr. Kannampuzha Jose |
| 3-Apr-14 | THU | Rev. Fr. Karackad Christo |
| 4-Apr-14 | FRI | Rev. Fr. Karikkattil Ceejo |
| 5-Apr-14 | SAT | Rev. Fr. Keettikkal Anto |
| 7-Apr-14 | MON | Rev. Fr. Kizhakkedath Roy |
| 8-Apr-14 | TUE | Rev. Fr. Kizhakkedath Thom |
| 9-Apr-14 | WED | Rev. Fr. Kochuparambil Jose |
| 10-Apr-14 | THU | Rev. Fr. Kochupurackal Peter |
| 11-Apr-14 | FRI | Rev. Fr. Kodakasseril Jomis |
| 12-Apr-14 | SAT | Rev. Fr. Kolamkanny Justin |
| 14-Apr-14 | MON | Rev. Fr. Kollannur Jaison |
| 15-Apr-14 | TUE | Rev. Fr. Kozhipadan Tony |
| 22-Apr-14 | TUE | Rev. Fr. Kulampallil Thomas |
| 23-Apr-14 | WED | Rev. Fr. Kulampil Jose |
| 24-Apr-14 | THU | Rev. Fr. Kulampil Abin |
| 25-Apr-14 | FRI | Rev. Fr. Kummamkottil Biju |
| 26-Apr-14 | SAT | Rev. Fr. Kunthaniyil Varghese |
| 28-Apr-14 | MON | Rev. Fr. Kuruthukulngara Peter |
| 29-Apr-14 | TUE | Rev. Fr. Kuttikadan Aljo |
| 30-Apr-14 | WED | Rev. Fr. Kuttipuzhakaran Sanil |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

Email: catechismpalghat@gmail.com, Website: www.catechismpalghat.org

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് 2014 മാർച്ച് 2-ാം തീയതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. മാർച്ച് 3 നു തന്നെ ടെസ്റ്റിന്റെ ഉത്തരകടലാസുകൾ മതബോധനകേന്ദ്രത്തിൽ എത്തിക്കൻ ശ്രദ്ധിക്കുമല്ലോ.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി **പാസ്റ്ററൽ സെന്ററിൽ** വച്ച് രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.

ക്യാമ്പുകൾ നടക്കുന്ന തിയ്യതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| **മാർച്ച് 25,26** | **മണ്ണാർക്കാട് ഫൊറോന** |
| **മാർച്ച് 28,29** | **കാഞ്ഞിരപ്പുഴ, മേലാർക്കോട് ഫൊറോനകൾ** |
| **മാർച്ച് 31,ഏപ്രിൽ 1** | **മംഗലംഡാം ഫൊറോന** |
| ഏപ്രിൽ 2,3 | താവളം ഫൊറോന(സ്ഥലം: താവളം പാരിഷ് ഹാൾ) |
| ഏപ്രിൽ 4,5 | വടക്കഞ്ചേരി ഫൊറോന |
| ഏപ്രിൽ 7,8 | പാലക്കാട് ഫൊറോന |
| ഏപ്രിൽ 10,11 | ഒറ്റപ്പാലം ഫൊറോന |
| ഏപ്രിൽ 22,23 | ഒലവക്കോട്, തത്തമംഗലം ഫൊറോനകൾ |
| ഏപ്രിൽ 25,26 | പൊന്നംകോട് ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 200 രൂപയാണ് രജി. ഫീസ്.

**ഫോറോന കൗൺസിൽ സ്ഥലവും തിയ്യതിയും**

ഫൊറോനാതലത്തിൽ കൗൺസിലുകൾ നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും വികാരി, HM, Secretary എന്നിവരാണ് ഫൊറോന കൗൺസിലിൽ സംമ്പന്ധിക്കേണ്ടത്. കൗൺസിലുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| **മാർച്ച് 01 ശനി** | **തത്തമംഗലം ഫൊറോന** |
| | **(10.00 am to 12.00 pm, ഫൊറോന പള്ളി)** |





| | |
|---|---|
| **മാർച്ച് 08 ശനി** | **മംഗലംഡാം ഫൊറോന** |
| | **(10.00 am to 12.00 pm, ഫൊറോന പള്ളി)** |
| | **വടക്കഞ്ചേരി ഫൊറോന** |
| | **(2.00 pm to 4.00 pm, ഫൊറോന പള്ളി)** |
| **മാർച്ച് 15 ശനി** | **മണ്ണാർക്കാട് ഫൊറോന** |
| | **(10.00 am to 12.00 pm, ഫൊറോന പള്ളി)** |
| ഏപ്രിൽ 05 ശനി | താവളം ഫൊറോന |
| | (2.00 pm to 4.00 pm, ഫൊറോന പള്ളി) |
| ഏപ്രിൽ 12 ശനി | പാലക്കാട് ഫൊറോന |
| | (10.00 am to 12.00 pm, പാസ്റ്ററൽ സെന്റർ) |
| | ഒലവക്കോട് ഫൊറോന |
| | (2.00 pm to 4.00 pm, ഫൊറോന പള്ളി) |

**സൺഡേ സ്കൂൾ റിസൾട്ട്**

വേദപാഠ പരീക്ഷയുടെ റിസൾട്ട്(1 മുതൽ 9 ക്ലാസുകൾ) മാർച്ച് 9 ന് എല്ലാ സൺഡേ സ്കൂളുകളിലും പ്രസിദ്ധീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. രൂപതയിലെ എല്ലാ ഇടവകകളിലും ഒരേ ദിവസംതന്നെ റിസൾട്ട് പ്രസിദ്ധീകരിക്കാൻ വേണ്ടിയാണിത്.

**സ്കോളർഷിപ്പ് പരീക്ഷ**

IV, VII, X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 9-ാംതിയ്യതി ഞായറാഴ്ചയാണ്. പള്ളിയുടെ ലെറ്റർപാഡിൽ എഴുതി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. IV, VII, X എന്നീക്ലാസ്സുകളിൽ നിന്ന് കുറഞ്ഞത് 70 ശതമാനമെങ്കിലും മാർക്കുള്ള 3 പേർക്ക് പങ്കെടുക്കാവുന്നതാണ്. **സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 12-ാം തിയ്യതി ശനിയാഴ്ചയാണ്** (വിശ്വാസപരിശീലന കലണ്ടർ 36-ാം പേജ് കാണുക).

**പഠനഭാഗം**

**ക്ലാസ്സ് VII, X** : പാഠപുസ്തകം - 65 മാർക്ക്, ബൈബിൾ - 25 മാർക്ക് (ലേവ്യർ 1-14, ലൂക്കാ 1-12 അദ്ധ്യായങ്ങൾ), അതതു ക്ലാസ്സുകൾക്ക് പഠിക്കാൻ നൽകിയിട്ടുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനഭാഗം

**ക്ലാസ്സ് IV** : പാഠപുസ്തകം, നമസ്ക്കാരം - 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്

ഉത്തരക്കടലാസുകൾ ഏപ്രിൽ 14 ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

NB: ഫോൺ വഴിയുള്ള റജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മേലാർക്കോട് ഫൊറോന | ചിറ്റിലഞ്ചേരി പാരിഷ്ഹാൾ |
| ഒലവക്കോട് ഫൊറോന | സെന്റ് തോമസ് സ്കൂൾ ഒലവക്കോട് |
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തിഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |
| വടക്കഞ്ചേരി ഫൊറോന | ചെറുപുഷ്പം സ്കൂൾ |

**മൂല്യനിർണ്ണയം**

സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 27 ാംതിയ്യതി ഞായറാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള(കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് സ്കോളർഷിപ്പിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 3-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ സ്ക്കൂളിന്റെ ലെറ്റർപാഡിൽ എഴുതി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 1-ാം തിയ്യതി ചൊവ്വാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു.

NB: ഫോൺ വഴിയുള്ള റജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

**പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| പാലക്കാട് മേഖല | കാണിക്കമാതാ സ്കൂൾ |
| മണ്ണാർക്കാട് മേഖല | ഹോളിഫാമിലി സ്കൂൾ പൊന്നംകോട് |
| വടക്കഞ്ചേരി മേഖല | ചെറുപുഷ്പം സ്കൂൾ വടക്കഞ്ചേരി |
| താവളം മേഖല | സെന്റ് പീറ്റേഴ്സ് സ്കൂൾ കൂക്കംപാളയം |





**റെഗുലർസ്കൂൾ സ്കോളർഷിപ്പ് കേന്ദ്രീകൃത മൂല്യനിർണ്ണയം**

റെഗുലർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃതമൂല്യ നിർണ്ണയം ഏപ്രിൽ 11-ാം തിയ്യതി വെള്ളിയാഴ്ച **10.00 am** മുതൽ **4.00 pm** വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സംബന്ധിക്കേണ്ടതാണ് ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തിക മാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 29-ാം തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**X & IInd HDC റാങ്ക് ജേതാക്കൾ**

2012-2013 അദ്ധ്യായന വർഷത്തിലെ 10,12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളുടെ പേര് താഴെ കൊടുക്കുന്നു.

**Xth**

| | | |
|---|---|---|
| I Rank | അഞ്ചന മേരി സണ്ണി | കോട്ടത്തറ |
| II Rank | നിവ്യ ഇമ്മാനുവേൽ | മംഗലം ഡാം |
| III Rank | അനസ്റ്റി റോസ് ലാൽ | ഇരുമ്പകച്ചോല |

**II HDC**

| | | |
|---|---|---|
| I Rank | ഹർഷ വർഗ്ഗീസ് | മണ്ണാർക്കാട് |
| II Rank | ജെൻസി പി ജോൺ | കാരറ |
| III Rank | അനൈഡ ആൻ ജേക്കബ് | കൊടുന്തിരപ്പുള്ളി |

റാങ്ക് ജേതാക്കൾക്കും അവരെ പരിശീലിപ്പിച്ച വികാരിയച്ചന്മാർക്കും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും വിശ്വാസപരിശീലനവേദിയുടെ അഭിനന്ദനങ്ങൾ.

**റീ. എക്സാമിനേഷൻ**

II HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കു മായി ഉള്ള റീ എക്സാമിനേഷൻ **ഏപ്രിൽ 6-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും. ഏപ്രിൽ 7-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. II HDC ക്ലാസിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 3-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

10-ാം ക്ലാസ്സിന്റെ റീ എക്സാം മെയ് 4-ാം തീയതി നടത്തപ്പെടുന്നു. മെയ് 5-ാം തീയതി തിങ്കളാഴ്ച്ച തന്നെ ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതത് ഫൊറോനകളുടെ വിഷൻ ക്യാമ്പ് സമാപിക്കുമ്പോൾ റിസൾട്ട് നൽകുന്നതാണ്. റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ ഏപ്രിൽ 28-ാം തീയതിക്ക് മുമ്പായി മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**രൂപതാ മതബോധന കൗൺസിൽ**

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 26-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ സംയുക്തമീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ മെമ്പർമാരുടെയും പ്രധാന അധ്യാപകരുടെയും സംയുക്തമീറ്റിംഗ് ഏപ്രിൽ 26-ാം തിയ്യതി ശനിയാഴ്ച 2 pm മുതൽ 4 pm വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. കഴിഞ്ഞ അധ്യയന വർഷത്തെ വിലയിരുത്തുന്നതിനോടൊപ്പം പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയെന്നതും കൗൺസിലിന്റെ ലക്ഷ്യമാണ്.എല്ലാ പ്രധാന അധ്യാപകരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## സ്റ്റാർസ്

Blogspot: starspalghat.blogspot.in

2014-15 ലേക്കുള്ള സ്റ്റാർസിന്റെ മൂന്നാംദിന സെലക്ഷൻ ക്യാമ്പ് ഫെബ്രുവരി 15 ന് നടന്നു. പ്രസ്തുത ക്യാമ്പിലേക്ക് സ്റ്റാർസിന്റെ ഓഫീസിൽ നിന്നും നൽകിയ നിർദ്ദേശമനുസരിച്ച് കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചൻമ്മാർക്കും വേദപാഠ പ്രധാനദ്ധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.
കൂടുതൽ വിവരങ്ങൾക്കും ഫോട്ടോസിനുമായി
www.starspalghat.blogspot.in സന്ദർശിക്കുക.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്





## ബൈബിൾ അപ്പോസ്തലേറ്റ്

Blogspot: bibleapostolatepalghat.blogspot.in

**ലോഗോസ് ക്വിസ് 2014**

ഈ വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 28-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 29-നും ആയിരിക്കും.

**പഠനഭാഗം**

ലേവ്യർ 15-27, ലൂക്കാ 13-24, യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## തിരുബാലസഖ്യം

Blogspot: www.holychildhoodpalghat.blogspot.in

**പ്രവർത്തനവർഷ ഉദ്ഘാടനവും ലീഡേഴ്സ് - ആനിമേറ്റേഴ്സ് മീറ്റും**

തിരുബാലസഖ്യത്തിന്റെ രൂപതാതല ഉദ്ഘാടനം 2014 ഫെബ്രുവരി 8-ാം തിയതി ശനിയാഴ്ച നടത്തപ്പെട്ടു. പാലക്കാട് രൂപതയുടെ മൈനർ സെമിനാരി റെക്ടർ ഫാ. സേവ്യർ മാറാമറ്റം പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. 500 ലധികം കുട്ടികളും 40 ആനിമേറ്റേഴ്സും പങ്കെടുത്ത അന്നേ ദിനം ലീഡേഴ്സ് ആനിമേറ്റേഴ്സ് മീറ്റും നടത്തപ്പെട്ടു. 2014-15 പ്രവർത്തനവർഷത്തിലേക്ക് പുതിയ ആനിമേറ്റേഴ്സിനെയും ലീഡേഴ്സിനെയും തിരഞ്ഞെടുത്തു.

**രൂപതാഭാരവാഹികൾ**

| | |
|---|---|
| ഡയറക്ടർ | : ഫാ. ജോമി തേക്കുംകാട്ടിൽ |
| ആനിമേറ്റർ | : സി. നിത്യ CHF, ചിറ്റൂർ |
| പ്രസിഡന്റ് | : ജോൺ ടോം ജോണി, ചിറ്റൂർ |
| വൈസ് പ്രസിഡന്റ് | : ബെൻസീന ബിനോയ്, തത്തമംഗലം |
| സെക്രട്ടറി | : ആൻലിയ ജോയ്, പൂഞ്ചോല |
| ജോ. സെക്രട്ടറി | : മിലൻ മാർട്ടിൻ, അഗളി |

**പുതിയ ഫൊറോന ആനിമേറ്റേഴ്സും പ്രസിഡന്റും സെക്രട്ടറിയും**

| ഫൊറോന | ആനിമേറ്റർ | പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|---|
| പാലക്കാട് | സി.ജിൽസ CMC | ആൻ ഫിലിപ്പ് | ജെസൻ |
| ഒറ്റപ്പാലം | സി. ദീപ FCC | സാന്റോ ജോഷി | സാന്ദ്ര മാത്യു |
| തത്തമംഗലം | സി. അലൻമരിയ | ആൻഡ്രിയ | ആൽവിൻ മാണി |
| ഒലവക്കോട് | ബിജി ജോണി | അലന ബോസ് | മെറിൻ പോൾ |
| പൊന്നംകോട് | സീന തോമസ് | ആഞ്ചലീന | അബിൻ ജോസഫ് |
| കാഞ്ഞിരപ്പുഴ | സി. അരുണ CSN | റിച്ചാർഡ് തോമസ് | ഏയ്ഞ്ചൽ ജോസഫ് |
| മണ്ണാർക്കാട് | സി. മെൽഫി OP. | ആദർശ് സെബാസ്റ്റ്യൻ | സാനിയ ബിജു |
| താവളം | സി. ദീപ്തിമരിയ | സാവിയോ പോൾസൻ | അദീന മാത്യു |
| മേലാർക്കോട് | സി. കൊച്ചുറാണി | ആനന്ദ് | റാണി |
| മംഗലംഡാം | സി. ആൻജീസ് | ആഷിഷ് | തെരേസ |
| വടക്കഞ്ചേരി | സി. ജാസ്മിൻ CHF | ജിയ ജിജി | ജോയേൽ |

ഏവർക്കും സ്വാഗതവും നല്ല ഒരു വർഷവും നേരുന്നു.

**നന്ദിയോടെ**

2013-14 പ്രവർത്തനവർഷത്തിൽ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് ആയിരുന്നവർക്കും ലീഡേഴ്സ് ആയിരുന്നവർക്കും ഒത്തിരി നന്ദിയും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു. പ്രത്യേകമായി രൂപതാ ആനിമേറ്റർ ആയിരുന്ന സി. ടിസി OPക്ക് ഹൃദയംഗമമായ നന്ദി.

**തിരുബാലസഖ്യദിനം ആചരിച്ചു**

ഈ വർഷത്തെ തിരുബാലദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിച്ചു. അതിനായി അദ്ധ്വാനിച്ച എല്ലാവർക്കും നന്ദി.

**അവധിക്കാലം**

കുട്ടികൾ അവധിക്കാലത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. അവധിക്കാലം നന്നായി നമുക്ക് ഉപയോഗിക്കാം. എല്ലാ ദിവസവും ജപമാല ചൊല്ലി പ്രാർത്ഥിക്കണേ. കൂടാതെ എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കാനും പ്രാർത്ഥിക്കാനും ശ്രദ്ധിക്കണേ. കുട്ടികൾക്ക് നല്ല ഒരു അവധിക്കാലം ആശംസിക്കുന്നു.

**ഫാ. ജോമി തേക്കുംകാട്ടിൽ**

ഡയറക്ടർ, തിരുബാലസഖ്യം





## അൾത്താരസംഘം

Blogspot: abapalghat.blogspot.in

**പ്രവർത്തനവർഷ ഉദ്ഘാടനവും ലീഡേഴ്സ് ആനിമേറ്റേഴ്സ് മീറ്റും**

അൾത്താരസംഘത്തിന്റെ രൂപതാതല ഉദ്ഘാടനം 2014 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. പാലക്കാട് രൂപതയുടെ മൈനർ സെമിനാരി റെക്ടർ ഫാ. സേവ്യർ മാറാമറ്റം പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അൾത്താരസംഘവും തിരുബാലസഖ്യവും സംയുക്തമായി നടത്തിയ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 100ലധികം അൾത്താരസംഘ ലീഡേഴ്സ് ഉൾപ്പെടെ 500 കുട്ടികളും 40 ആനിമേറ്റേഴ്സും പങ്കെടുത്തു. അന്നേദിനം ലീഡേഴ്സ് ആനിമേറ്റേഴ്സ് മീറ്റും നടത്തപ്പെട്ടു. 2014-15 പ്രവർത്തനവർഷത്തിലേക്ക് പുതിയ ആനിമേറ്റേഴ്സിനെയും ലീഡേഴ്സിനെയും തിരഞ്ഞെടുത്തു.

**രൂപതാഭാരവാഹികൾ**

| | |
|---|---|
| ഡയറക്ടർ | : ഫാ. ജോമിസ് കൊടകശ്ശേരിൽ |
| ആനിമേറ്റർ | : സി. നിത്യ CHF(ചിറ്റൂർ) |
| പ്രസിഡണ്ട് | : മാർട്ടിൻ ജോസഫ് (അഗളി) |
| വൈസ് പ്രസിഡണ്ട് | : സെബിൻ സ്കറിയ(ചീനിക്കപ്പാറ) |
| സെക്രട്ടറി | : ആഷ്ലിൻ(മണ്ണാർക്കാട്) |
| ജോയിന്റ് സെക്രട്ടറി | : സാം (കത്തീഡ്രൽ) |
| ട്രഷറർ | : സ്റ്റെഫാനോ(പൊന്നങ്കോട്) |

**പുതിയ ഫൊറോന ആനിമേറ്റേഴ്സ്**

| *ഫൊറോന* | *ആനിമേറ്റർ* |
|---|---|
| കാഞ്ഞിരപ്പുഴ | സി. അരുണ CSN |
| മംഗലംഡാം | സി. ആൻജീസ് |
| മണ്ണാർക്കാട് | സി. മെൽഫി OP. |
| മേലാർക്കോട് | സി. കൊച്ചുറാണി |
| ഒലവക്കോട് | ബിജി ജോണി |
| ഒറ്റപ്പാലം | സി. ദീപ FCC |
| പാലക്കാട് | സി. ജിൽസ CMC |
| പൊന്നംകോട് | സീനതോമസ് |
| തത്തമംഗലം | സി. അലൻമരിയ |
| താവളം | സി. ദീപ്തിമരിയ |

വടക്കഞ്ചേരി സി. ജാസ്മിൻ CHF

ഏവർക്കും സ്വാഗതവും നല്ല ഒരു വർഷവും നേരുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

**ഈശോയിൽ പ്രിയ കുഞ്ഞുമിഷനറിമാരെ,**

വലിയ നോമ്പിന്റെ ചൈതന്യത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മിഷൻ പ്രവർത്തനങ്ങളുടെ ചൈതന്യം വർദ്ധിക്കാനും ഈശോയെ കൂടുതൽ ആളുകൾ ആറിയുന്നതിനും ഇടയാകുന്നതിന് വേണ്ടി ഈ വലിയ നോമ്പിൽ നമുക്ക് നിയോഗം വച്ച് പ്രാർത്ഥിക്കാം. അവധിക്കാലത്ത് അലസരായി ഇരിക്കാതെ സംഘടനയുടെ പ്രവർത്തനങ്ങളോട് ചേർന്നുള്ള പ്രവർത്തനങ്ങൾ നടത്താൻ ഓരോ ശാഖയിലും ശ്രദ്ധിക്കുമല്ലോ.

**രൂപതാ എക്സിക്യൂട്ടിവ്**

ഇക്കഴിഞ്ഞ ഫെബ്രുവരി 17-ാം തിയതി പാസ്റ്ററൻ സെന്ററിലെ CML Office ൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് ചേരുകയുണ്ടായി. സംഘടനയുടെ രൂപതാതല പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് ചർച്ച നടത്തുകയും അതിനെ തുടർന്ന് 4 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ഡയറക്ടർ സ്ഥാനമൊഴിയുന്ന ബഹു. ഫാ. നിലേഷ് തുരുത്തുവേലിക്ക് രൂപതാ സമിതി യാത്രയയപ്പ് നൽകുകയും ചെയ്തു. രൂപതാ സമിതി തനിക്കു നൽകിയ പിന്തുണയ്ക്കും സഹവർത്തിത്വത്തിനും അദ്ദേഹം നന്ദി പ്രകാശിപ്പിച്ചു. കഴിഞ്ഞ നാല് വർഷക്കാലം സംഘടനയുടെ രൂപതാതല പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഡയറക്ടർ സ്ഥാനം അലങ്കരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നയിക്കുകയും ചെയ്ത ബഹു. നിലേഷ് അച്ചന് രൂപതാസമിതി ഏറെ സ്നേഹത്തോടെ നന്ദിയർപ്പിക്കുകയും അച്ചന്റെ കർമ്മരംഗങ്ങൾക്ക് പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ചെയ്തു.

തുടർന്ന് പുതിയ ഡയറക്ടറായി സ്ഥാനമേറ്റ ബഹു. ജോജി വടക്കേക്കര അച്ചന് രൂപതാ സമിതി ഹാർദ്ദവമായ സ്വാഗതമരുളകയും ചെയ്തു.

സംഘടനയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

**2014 മാർച്ച് കർമ്മ പരിപാടികൾ**

**മാർച്ച് 3 തിങ്കൾ** : വലിയനോമ്പ് ആരംഭിക്കുന്നു. വിശ്വാസത്തിൽ വളരാനും





വിശുദ്ധീകരിക്കപ്പെടുവാനും ...ങ്ങൾ നോമ്പാചര...

**8 ശനി** : സംസ്ഥാന തിരഞ്ഞെടുപ്പ് & മാനേജിംഗ് കമ്മിറ്റി

**19 ബുധൻ** : വി. യൗസേപ്പിതാവിന്റെ തിരുനാൾ

**25 തിങ്കൾ** : മംഗളവാർത്ത തിരുനാൾ, ദൈവവിളി ദിനം, അസാധാരണ സമ്മേളനവും ദിവ്യകാരുണ്യ സ്വീകരണവും നടത്തുക.

**ചിന്താവിഷയം** : ഉത്ഥിതന്റെ വഴിയെ

**അനുബന്ധ പ്രവർത്തനങ്ങൾ**

* ശാഖ റിക്കോഡുകളും ഫയലുകളും പൂർത്തിയാക്കുക.

**പ്രാർത്ഥനാനിയോഗം** : പ്രേഷിത വീഥിയിൽ പീഡയനുഭവിക്കുന്നവർക്കു വേണ്ടി

**സുകൃതജപം** : വി. യൗസേപ്പേ, കുടുംബങ്ങൾക്ക് കാവൽ ആയിരിക്കണമേ.

**ഫാ. ജോജി വടക്കേക്കര**
ഡയറക്ടർ

## ജീസസ് യൂത്ത്

YOUTH ON FIRE

പാലക്കാട് സോൺ ജീസസ് യൂത്ത് ക്യാമ്പ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 27-ാം തീയതി വ്യാഴാഴ്ച കോളേജുകളിലെ വിദ്യാർത്ഥികൾക്കായി പാസ്റ്റർസെന്ററിൽ വെച്ച് YOUTH ON FIRE എന്നപേരിൽ ഏകദിന പ്രോഗ്രാം നടത്തി. 50 പേർ പങ്കെടുത്ത പ്രോഗ്രാമിൽ കെ.വൈ.സി.ടി. കോർഡിനേറ്റർ സിൻജോ പി.കെ. ആശംസയർപ്പിച്ചു. ഓൾ കേരള ക്യാമ്പസ് ടീം അസി. കോർഡിനേറ്റർ അലന്റ്. സി. മാനുവൽ ക്ലാസ്സുകൾ നയിച്ചു. ഓൾ കേരള ക്യാമ്പസ് ടീം അംഗമായ അനുപും കെ.വൈ.സി.ടി. ഫുൾടൈമർ ജാക്കും മറ്റു സെഷനുകൾക്ക് നേതൃത്വം നൽകി. ബഹു. സനോജ് മുണ്ടൻപ്ലാക്കൽ അച്ചൻ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. പ്രോഗ്രാമിന്റെ വിജയത്തിനായി അക്ഷീണം പരിശ്രമിച്ച പാലക്കാട് ജീസ്സസ് യൂത്ത് ഫുൾടൈമർ വർഗ്ഗീസിനും പാലക്കാട് ക്യാമ്പസ് ടീം അംഗങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി.

**ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**
ഡയറക്ടർ

# കെ. സി. വൈ. എം

**സ്പെഷ്യൽ സെനറ്റും കർമ്മപദ്ധതി പ്രകാശനവും മാർച്ച് 22**

പ്രസ്ഥാനത്തിന്റെ 2014 പ്രവർത്തന വർഷത്തെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുവാനും പ്രവർത്തനവിഷയ പഠനം നടത്തുന്നതിനുമായി 2014 മാർച്ച് 22ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് സ്പെഷ്യൽ സെനറ്റ് ചേരുന്നു. കെ.സി.വൈ.എം ന്റെ 2014 പ്രവർത്തനവർഷത്തെ കർമ്മപദ്ധതി സെനറ്റിൽ വച്ച് പാലക്കാട് രൂപതാമെത്രാൻ അഭിവന്ദ്യമാർ ജേക്കബ് മനത്തോടത്ത് പിതാവ് പ്രകാശനം ചെയ്യുന്നതായിരിക്കും. പ്രസ്തുത സെനറ്റ് സമ്മേളനത്തിൽ ഒരു യൂണിറ്റിൽ നിന്നും 5 ഭാരവാഹികളും ആനിമേറ്ററും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടു കൂടെ പങ്കെടുക്കേണ്ടതാണ്. 22 ന് രാവിലെ 9.30 ന് ആരംഭിക്കുന്ന സെനറ്റ് ഉച്ചയ്ക്ക് 3 മണിയോടുകൂടി സമാപിക്കും. (രജിസ്ട്രേഷൻ ഫീസ്: യൂണിറ്റിന് 200 രൂപ)

**സ്വാഗതം**

കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ രൂപത. അസി. ഡയറക്ടറായി ചുമതലയേറ്റ ബഹു. സീജോ കാരിക്കാട്ടിലച്ചന് കെ.സി.വൈ.എം കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങളും രൂപതാ സമതിയിലേക്ക് ഹൃദ്യമായ സ്വാഗതവും നേരുന്നു. കെ.സി.വൈ.എം.ന്റെ രൂപതാ ആനിമേറ്ററായി ചുമതലയേറ്റ സി. ആൻഗ്രേസ് സി.എച്ച്.എഫിന് കെ.സി.വൈ.എം രൂപതാ സമിതിയിലേക്ക് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും.

**കൃതജ്ഞത**

കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ താങ്ങും തണലുമായി നിന്ന രൂപതാ ജോയിന്റ് ഡയറക്ടർ ബഹു ആന്റോ കീറ്റിക്കലച്ചനെ നന്ദിയോടെ ഓർക്കുന്നു അദ്ദേഹത്തിന്റെ പുതിയ കർമ്മ വീഥികളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുകയും ചെയ്യുന്നു.

**സത്യപ്രതിജ്ഞ**

23.02.2014 ന് കെ.സി.വൈ.എം പാലക്കാട് രൂപതാ ഓഫീസിൽ വെച്ച് 2014 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ശുശ്രൂഷാ ദൗത്യം ഏറ്റെടുത്തു. രൂപതാ ഡയറക്ടറച്ചൻ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഭാരവാഹികൾ സുവിശേഷം സാക്ഷിയാക്കി സത്യപ്രതിജ്ഞ ഏറ്റു ചൊല്ലി.

ദുഃഖവെള്ളിയും ഈസ്റ്ററും പോലുള്ള വിശേഷ ദിവസങ്ങളിലും കേന്ദ്ര





സംസ്ഥാന സർക്കാരുകൾ നടത്തുന്ന പ്രവേശന പരീക്ഷകൾ മാറ്റിവെക്കണമെന്ന് കെ.സി.വൈ.എം പാലക്കാട് രൂപതാ നിർവ്വാഹക സമിതി പ്രമേയം പാസ്സാക്കി.

**ഫാ. ടോം ജി. വടക്കേക്കര**

ഡയറക്ടർ

# മാതൃസംഘം

**ദൈവാനുഗ്രഹത്തിന്റെ വഴികൾ:**

കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറഞ്ഞു വരുന്ന കാലഘട്ടത്തിൽ മക്കളുടെ എണ്ണം ദൈവനുഗ്രഹത്തിനാണ് എന്ന് ബോധ്യപ്പെടുത്തുന്ന “ദൈവനുഗ്രഹത്തിന്റെ വഴികൾ എന്ന പുസ്തകം എല്ലാ കുടുംബങ്ങളിലും എത്തിക്കുവാൻ അഭിവന്ദ്യ പിതാവ് മാതൃസംഘത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

30 രൂപ വിലയിട്ടിരിക്കുന്ന ഈ പുസ്തകം വാങ്ങിക്കാൻ കഴിവില്ലാത്ത കുടുംബങ്ങൾക്ക് വേണ്ടി സ്പോൺസേഴ്സിനെ കണ്ടെത്തി നല്കുക.

മാർച്ച് 31 നു മുൻപായി പുസ്തകത്തിന്റെ തുക രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഫോറോന ഡയറക്ടറുടെ പക്കൽ നിന്നും ഇടവകകളിലേക്കുള്ള പുസ്തകങ്ങൾ യൂണിറ്റ് ഭാരവാഹികൾ എത്രയും പെട്ടെന്ന് തന്നെ വാങ്ങേണ്ടതാണ്.

**അഫിലിയേഷൻ:**

യൂണിറ്റ് അഫിലിയേഷൻ ഇനിയും പുതുക്കാത്തവർ എത്രയും വേഗം മെംബർഷിപ്പ് തുകയായ 75 രൂപയോടൊപ്പം അഫിലിയെഷൻ ഫോം പൂരിപ്പിച്ചു നൽകേണ്ടതാണ്. മാർച്ച് 15 നു ശേഷം പിഴയോടുകൂടി മാത്രമേ സ്വീകരിക്കുകയുള്ളൂ, മാർച്ച് 31 ആയിരിക്കും അവസാനതീയതി.

അഫിലിയേഷൻ പുതുക്കുന്നതിനു 75

പുതിയ യൂണിറ്റുകൾക്ക് 100

ഒരംഗത്തിനു 10 രൂപ എന്നിങ്ങനെയായിരിക്കും ഫീസ്

**ഫോറോനഘടകങ്ങളുടെ രൂപീകരണം.**

കാലാവധി പൂർത്തിയാക്കിയ ഫോറോനഘടകങ്ങൾ പുനക്രമീകരിക്കുവൻ ഫോറോന ഡയറക്ടർമാർ ശ്രദ്ധിക്കുമല്ലോ, ഈസ്റ്ററിനു

ശേഷം ഫോറോന ജനറൽബോഡി കൂടുവാൻ കഴിയും വിധത്തിൽ തിരഞ്ഞെടുപ്പ് നടത്തി എക്സിക്യുട്ടീവ് മീറ്റിംങ്ങ് കൂടേണ്ടതാണ്.

**ഫാ. ബിനു പൊൻകാട്ടിൽ**
ഡയറക്ടർ

## ഫാമിലി അപ്പോസ്റ്റലേറ്റ്

**പ്രീകാന കോഴ്സ്**

**മാർച്ച് മാസത്തിൽ പ്രീകാന ഉണ്ടായിരിക്കുന്നതല്ല. ഏപ്രിൽ** മാസത്തിലെ പ്രീകാന കോഴ്സ് **7,8,9,10** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

അസംബ്ലിയുടെ പഠനരേഖകൾ കുടുംബയുണിറ്റുകളിൽ ചർച്ച ചെയ്തു സമ്മേളനങ്ങൾ സജീവമാക്കണം. യൂണിറ്റിലെ എല്ലാ കുടുംബങ്ങളും യോഗങ്ങളിൽ പങ്കെടുക്കാൻ ബഹു. വികാരിമാർ ജനങ്ങളെ പറഞ്ഞൊരുക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ







## സെമിനാരി വാർത്തകൾ

രൂപതയിലെ ദൈവവിളി ധ്യാനം മാർച്ച് 23 ഞായറാഴ്ച വൈകുന്നേരം 4 മണിമുതൽ മാർച്ച് 28 വെള്ളിയാഴ്ച രാവിലെ 10 മണിവരെ കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നതാണ്. ഈ വർഷം പത്താംക്ലാസ്സ്, +2, ഡിഗ്രി പരീക്ഷ എഴുതിയിരിക്കുന്നവർക്കും മുൻപ് പാസായവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരു വിവരം ബഹു. വികാരിയച്ചന്മാർ മാർച്ച് 15 ന് മുമ്പായി മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ.

Seminary Ph: 0491 2535294, Vocation Promoter 9446148405

**ചെറുപട്ടങ്ങളും വൈദികവസ്ത്ര സ്ഥീകരണവും**

കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വച്ച് മാർച്ച് 29-ാം തിയതി ശനിയാഴ്ച രാവിലെ 7.30 ന് അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മ്ശംശാന, ഹെവ്പ്പദിയാക്ന, കാറോയ പട്ടങ്ങളും വൈദിക വസ്ത്ര സ്വീകരണവും നടത്തപ്പെടുന്നു. അർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

**സമ്മർ കാറ്റിക്കിസം**

ഇടവകകളിൽ ഇന്റൻസീവ് കാറ്റിക്കിസത്തിനായി നമ്മുടെ വൈദിക വിദ്യാർത്ഥികളെ ആവശ്യമുള്ളവർ മാർച്ച് 15 ന് മുമ്പായി ക്ലാസ്സുകളുടെ തിയ്യതിയും ആവശ്യമുള്ള ബ്രദേഴ്സിന്റെ എണ്ണവും മൈനർ സെമിനാരിയിൽ അറിയിക്കേണ്ടതാണ്. Ph : 0491-2535294 ഫാ. സജി പനപറമ്പിൽ:9847030378

**ക്ലാസ്സുകൾ നടത്തപ്പെടുന്ന തിയ്യതികൾ**

| | | |
|---|---|---|
| മാർച്ച് 30 | - | ഏപ്രിൽ 5 |
| ഏപ്രിൽ 7 | - | എപ്രിൽ 12 |
| ഏപ്രിൽ 21 | - | ഏപ്രിൽ 26 |
| ഏപ്രിൽ 28 | - | മെയ് 3 |

**വർക്ക് ക്യാമ്പ്**

ഈ വർഷത്തെ മേജർ സെമിനാരി ബ്രദേഴ്സിന്റെ വർക്ക് ക്യാമ്പ് വചനഗിരി രൂപതാ എസ്റ്റേറ്റിൽ മാർച്ച് 23-ാം തിയതി ഞായറാഴ്ച വൈകുന്നേരം തുടങ്ങി മാർച്ച് 28 വരെ നടത്തപ്പെടുന്നു.

**ഫാ. സേവ്യർ മാറാമറ്റം**
റെക്ടർ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| മാർച്ച് | 02–07 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മാർച്ച് | 09–14 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. സാജു ഇലഞ്ഞിയിൽ |
| മാർച്ച് | 16–21 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് | 23–28 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് 30 ഏപ്രിൽ 04 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 – 327710

**സെഹിയോൻ കൺവെൻഷൻ**

മാർച്ച് 16 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്





# പി. എസ്. എസ്. പി.

**നോമ്പനുഷ്ഠാനം സഹജീവി ഉന്നമനത്തിനുവേണ്ടിയും**

വ്രതശുദ്ധിയിലൂടെ ആത്മവിശുദ്ധീകരണത്തിലേക്ക് നമ്മെ നയിക്കുന്ന വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുന്നു. നോമ്പിന്റെ ചൈതന്യം ഉൾക്കൊള്ളുവാൻ നമ്മെ പഠിപ്പിക്കുന്ന പ്രധാന ഉറവിടങ്ങൾ വി.ഗ്രന്ഥവും ആദിമക്രൈസ്തവ സമൂഹത്തിന്റെ ജീവിത ശൈലിയുമാണ്. കർത്താവിന് പ്രീതികരമായ നോമ്പനുഷ്ഠാനം വിശക്കുന്നവനുമായി ആഹാരം പങ്കിടുന്നതും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുന്നതും നഗ്നനെ ഉടുപ്പിക്കുന്നതും പാവപ്പെട്ടവനും അഗതിക്കും നീതിയും ന്യായവും പാലിച്ചുകൊടുക്കുന്നതുമാണെന്ന് ഏശയ്യ 58 ൽ വിവരിക്കുന്നുണ്ട്. രണ്ടാംവത്തിക്കാൻ കൗൺസിൽ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ നോമ്പുകാലത്തെ പ്രായ്ശ്ചിത്തം വ്യക്തിപരവും ആന്തരികവുമായാൽ പോരാ, അത് ബാഹ്യവും സാമൂഹ്യവും ആയിരിക്കണമെന്നും വിവരിക്കുന്നു. ആദിമക്രൈസ്തവസമൂഹത്തിന്റെ നോമ്പാചരണത്തിലും വ്യക്തിപരമായ മാനത്തോടൊപ്പം സാമൂഹ്യ തലത്തിനും തുല്യപ്രാധാന്യം നല്കിയതായി കാണാം. ശൂന്യവല്ക്കരണത്തിന്റെയും ലാളിത്യത്തിന്റെയും ആൾ രൂപമായി മാറിയ ഫ്രാൻസീസ് മാർപാപ്പതന്നെ നമുക്ക് ഏറ്റവും നല്ല മാതൃകയായി നിലകൊള്ളുന്നു.

സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖ സഭയെ വിളിക്കുന്നത് 'പരിചാരിക'യായ സഭയെന്നാണ്. ഭവനരഹിതർക്ക് ഭവനം, വിശക്കുന്നവന് ആഹാരം, രോഗികൾക്ക് ചികിത്സ, അജ്ഞർക്ക് അറിവ്, തൊഴിലില്ലാത്തവർക്ക് തൊഴിൽ, പ്രകൃതി പരിപാലനം തുടങ്ങിയവ സഭയുടെ ശുശ്രൂഷാ ദൗത്യത്തിൽ വിശ്വാസികൾ നിർവ്വഹിക്കേണ്ട ഗൗരവമായ ഉത്തരവാദിത്വങ്ങളാണ്. സമൂഹത്തിലെ അനീതികളെ തിരിച്ചറിഞ്ഞ് പിന്നോക്കം നിൽക്കുന്നവരെ പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, ചെറുകിട കർഷകർ, തൊഴിൽ രഹിതർ, നിർദ്ധന കുടുംബങ്ങൾ എന്നിവരെ അറിവിലേക്കും തൊഴിലിലേക്കും സ്വയം പര്യാപ്തതയിലേക്കും കൈപിടിച്ചുയർത്തിക്കൊണ്ട് പാലക്കാടിന്റെ മണ്ണിൽ നമ്മുടെ രൂപതയുടെ ഔദ്യോഗിക സാമൂഹ്യസേവന വിഭാഗമായ പി.എസ്.എസ്.പി. സഭയുടെ ഈ 'പരിചാരിക' റോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ഈ വർഷത്തെ കർമ്മപദ്ധതിയിൽ പി.എസ്.എസ്.പി. സുപ്രധാനമായി മുന്നോട്ടുവയ്ക്കുന്ന ഒരു ഘടകം പിന്നാക്ക/ന്യൂനപക്ഷ സമുദായ അംഗ

ങ്ങളുടെ വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക ശാക്തീകരണമാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി വിവിധ ഏജൻസികളുടെ സഹകരണത്തോടെ ഏതാനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. അറിവിന്റെയും സമ്പത്തിന്റെയും അപര്യാപ്തതയാൽ സമൂഹത്തിന്റെ പാർശ്വങ്ങളിലേക്ക് തള്ളപ്പെടുന്നവർ പ്രത്യേകിച്ച് ന്യൂനപക്ഷ സമുദായങ്ങൾ നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നു.

ഈ വർഷത്തെ നോമ്പാചരണത്തിലൂടെ സ്വരുക്കൂട്ടപ്പെടുന്ന മിച്ചവരുമാനം നമ്മുടെ തന്നെ സമുദായത്തിൽ അവശതയനുഭവിക്കുന്നവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും ഒരു നിത്യവരുമാനം സ്വന്തമാക്കാവുന്ന സംരംഭങ്ങൾ തുടങ്ങുന്നതിനുമായി വിനിയോഗിക്കുവാൻ ഇടവകാംഗങ്ങൾ ഉദാരമായി സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വർഷത്തെ നോമ്പുകാല പിരിവ്(Lenten Campign) എല്ലാ ഇടവകകളും ഈ ആവശ്യം മുൻനിർത്തി ഇടവകാംഗങ്ങളിൽ നിന്ന് പിരിക്കണമെന്നും പ്രസ്തുത മുഴുവൻ തുകയും പി.എസ്.എസ്.പി. യിൽ ഏല്പിക്കണമെന്നും താത്പര്യപ്പെടുന്നു. നമ്മുടെ തന്നെ സഹജീവികളുടെ ഉന്നമനത്തിനായി നമുക്ക് ആവേശത്തോടെ പരിശ്രമിക്കാം.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

2014 മാർച്ച് മാസത്തെ ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ് 5.3.2014 നു ബുധനാഴ്ച പി.എസ്.എസ്.പി. യിൽ വച്ചു നടത്തപ്പെടുന്നു.

**ബ്ലോക്കുഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 0.3.14 | തിങ്കൾ | പാലക്കാട് /മലമ്പുഴ | വേലിക്കാട് | 10.30am |
| 12.3.14 | ബുധൻ | മണ്ണാർക്കാട് | പിച്ചളമുണ്ട | 10.30am |
| 13.3.14 | വ്യാഴം | ശ്രീകൃഷ്ണപുരം | ആലങ്ങാട് | 10.30am |
| 14.5.14 | വെള്ളി | കുഴൽമന്ദം | പല്ലഞ്ചാത്തനൂർ | 10.30am |
| 17.3.14 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 10.30am |
| 19.3.14 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 10.30am |
| 26.3.14 | ബുധൻ | ആലത്തൂർ | F.C.C. വടക്കഞ്ചേരി | 10.30am |

**റീജിയണൽ ഓഫീസ് ദിവസം**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 17.3.14 | തിങ്കൾ | അട്ടപ്പാടി | 10.30 to 2pm |
| 18.3.14 | ചൊവ്വ | സാൻജോടവ്വർ | 10.30 to 2pm |
| 19.3.14 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 10.30 to 2pm |
| 20.3.14 | വ്യാഴം | കരിമ്പ, പാരിഷ്ഹാൾ | 10.30 to 2pm |
| 24.3.14 | തിങ്കൾ | പൊരിയാനി, മുണ്ടൂർ | 10.30 to 2pm |
| 26.3.14 | ബുധൻ | F.C.C. വടക്കഞ്ചേരി | 10.30 to 2pm |





**വനിതാദിനാഘോഷം 2014**

ഈ വർഷത്തെ ലോക വനിതാ ദിനാഘോഷം 2014 മാർച്ച് 8 നു ശനിയാഴ്ച വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. സാംസ്കാരിക ഘോഷയാത്ര, പൊതുസമ്മേളനം, കലാപരിപാടികൾ എന്നിവ നടത്തപ്പെടും. 10.30 ന് ഘോഷയാത്ര മിഷൻ സ്കൂൾ പരിസരത്തുനിന്നും ആരംഭിച്ച് പാസ്റ്ററൽ സെന്ററിൽ സമാപിക്കും. തുടർന്ന് 12 മണിക്ക് പൊതു സമ്മേളനം ആരംഭിക്കും. വിവിധ സംഘങ്ങളിൽ നിന്നും 1500 വനിതകൾ പങ്കെടുക്കും.

**നബാർഡ് സ്വയം സഹായ സംഘങ്ങൾ (NWSHG)**

നബാർഡിന്റെ സഹായത്തോടെ താഴെ പറയുന്ന ബ്ലോക്കുകളിൽ സ്ത്രീകളുടെ അയൽക്കൂട്ടങ്ങൾ തുടങ്ങി. ബാങ്കുമായി ബന്ധപ്പെടുത്തി സ്വയം തൊഴിൽ ചെയ്യുന്നതിനു വേണ്ടി വായ്പ തരപ്പെടുത്തി നൽകുന്നു. ആവശ്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക. (അട്ടപ്പാടി, മണ്ണാർക്കാട്, പാലക്കാട്, തൃത്താല, കുഴൽമന്ദം, ആലത്തൂർ, പാലക്കാട് മുൻസിപ്പാലിറ്റി).

**മൈനോരിറ്റി ഗ്രൂപ്പുകൾ**

മതന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട (ക്രിസ്ത്യൻ, മുസ്ലിം) സ്ത്രീകൾക്ക് നാഷണൽ മൈനോരിറ്റി ഡെവലപ്മെന്റ് കോർപറേഷന്റെ വിവിധതരത്തിലുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി അവരുടെ ഗ്രൂപ്പുകൾ ജില്ലയിൽ പി.എസ്.എസ്.പി. മുഖാന്തിരം ആരംഭിക്കുന്നു. ആവശ്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**വനിതാവികസന കോർപറേഷൻ വായ്പ**

സ്ത്രീകളുടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് വസ്തു ഈടിന്മേൽ കുറഞ്ഞ പലിശക്ക് വനിതാ വികസന കോർപ്പറേഷന്റെ വായ്പകൾ (കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം, സ്വയംതൊഴിൽ) പി.എസ്.എസ്.പി. തരപ്പെടുത്തി കൊടുക്കുന്നു. പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയു

മായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**SAFP**

2014 വർഷത്തെ ആദ്യത്തെ റീജണൽ മീറ്റിംഗുകൾ യഥാക്രമം ജനുവരി 24- ഒറ്റപ്പാലം, ജനുവരി 27 അട്ടപ്പാടി, ജനുവരി 29-ആലത്തൂർ എന്നിവിടങ്ങളിലായി നടന്നു. പി.എസ്.എസ്.പി. മാനേജിംഗ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ നേതൃത്വം നൽകിയ ക്ലാസിൽ പി.എസ്.എസ്.പി. മഹിളാസമാജം, DRI Loan, Women SHG, KSBCDC വായ്പകൾ, JLG, JSS തൊഴിൽ പരിശീലനങ്ങൾ, ക്ഷേമനിധികൾ എന്നീ കാര്യങ്ങൾ വിശദീകരച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് വളരെ പ്രയോജനപ്രദമായ അറിവ് നൽകി.

Benefactors ന് അയക്കാനുള്ള 2014 ലെ ആദ്യത്തെ Letter മലയാളത്തിൽ എഴുതി അതാതു സെന്ററിലെ Sponsor നെ ഏല്പിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ 2014-2015 വർഷത്തെ ഗുണഭോക്താക്കളുടെ പ്ലാനിംഗ് തയ്യറാക്കികൊണ്ടിരിക്കുന്നു.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസനമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2013-2014 സാമ്പത്തിക വർഷത്തിൽ നടന്നുക്കൊണ്ടിരിക്കുന്ന സങ്കേതിക തൊഴിൽ പരിശീലന ബാച്ചുകളുടെ വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

| SL No | Name of Batch | No. of Batches |
|---|---|---|
| 1 | Tailor | 16 |
| 2 | Hand Embroidery | 6 |
| 3 | Machine Embroidery | 2 |
| 4 | Fabric Painting | 4 |
| 5 | Screen Printing | 5 |
| 6 | Plumbing & Sanitary Works | 2 |
| 7 | Electrical Technician | 2 |
| 8 | Fruits & Vegetable Processing & Preservation | 2 |
| 9 | Photography & Video graphy | 1 |
| 10 | House hold Help (General) | 1 |





- Driving, Beautician, Jewellary Making, Tailor തുടങ്ങിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.
- കേരളത്തിലെ ജെ.എസ്.എസുകളുടെ കോഴ്സുകൾ ഏകീകരിക്കുന്നതിനുള്ള ദ്വിദിന ശിൽപ്പശാല 2014 ജനുവരി 3, 4 തിയതികളിൽ പാലക്കാട് വെച്ച് നടത്തി. കേരളത്തിലെ ജെ എസ് എസുകളുടെ ഡയറക്ടർമാരും, ഉദ്യോഗസ്ഥരും ഇതിൽ പങ്കെടുത്തു.
- ജെ.എസ്.എസുകളുടെ 2014-2015 സാമ്പത്തിക വർഷത്തിലെക്കുള്ള Action Plan തയ്യാറാക്കുന്നതിനുവേണ്ടിയുള്ള യോഗം 2014 ഫെബ്രുവരി 20-ാം തിയതി ഡൽഹിയിൽ വച്ച് നടന്നു.
- 2013-2014 സാമ്പത്തിക വർഷത്തിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ 2014 മാർച്ച് 4-ാംതിയതി പസ്റ്ററൽസെന്റർ, ചക്കാന്തറയിൽവെച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# കെ.എൽ.എം. പാലക്കാട്

അസംഘടിത തൊഴിലാളികൾക്ക് വേണ്ടി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സുരക്ഷ പെൻഷൻ പദ്ധതിയിൽ ചേർന്ന 185 പേർ Renewal ചെയ്തു. ഫെബ്രുവരി 25 ന് Renewal close ചെയ്തു.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ പുതുതായി ചേർന്ന 70 തൊഴിലാളികൾക്ക് ക്ഷേമനിധികാർഡ് ലഭിച്ചു.

ഇനിയും പുതുതായി സുരക്ഷാപദ്ധതിയിലും തയ്യൽതൊഴിലാളിക്ഷേമനിധി, കൈത്തൊഴിലാളി ക്ഷേമനിധി, ഗാർഹിക തൊഴിലാളി ക്ഷേമനിധി എന്നിവയിലും ചേരുവാൻ ആഗ്രഹിക്കുന്നവർ രാവിലെ 10 മണിമുതൽ 4 മണി വരെ കെ.എൽ.എം. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 8281876395.

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ

# From the Bishop's Diary

**2014 ജനുവരി**

29 – തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. ബ്രദേഴ്സിനെ കണ്ടു സംസാരിച്ചു.

– മലമ്പുഴ കൃപാസദൻ വാർഷികാദിനാഘോഷ പരിപാടികളിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

30 – കൂനത്തറ ആശാദീപം സ്പെഷ്യൽ സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

**2014 ഫെബ്രുവരി**

1 – ഷൊർണ്ണൂർ സെന്റ് ജോസഫ് സി.എം.ഐ. ആശ്രമത്തിലെ ഫാ. അമിക്കൂസ് പള്ളിപ്പാടൻ, ഫാ. റൂപർട്ട് പാനിക്കുളം എന്നിവരുടെ പൗരോഹിത്യ സുവർണ്ണജൂബിലിയോടും, ഫാ. റാഫേൽ കണ്ണനായിക്കലിന്റെ വ്രതവാഗ്ദാന സുവർണ്ണജൂബിലിയോടും അനുബന്ധിച്ചുനടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– ചന്ദ്രനഗർ ഡിവൈൻ പ്രൊവിഡൻസ് ദൈവാലയത്തിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

3 – നെന്മാറ സെന്റ് റീത്താസ് സ്കൂളിന്റെ വാർഷികാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.

4 – സി.ബി.സി.ഐ. സമ്മേളനത്തിൽ സംബന്ധിക്കുന്നതിനുവേണ്ടി പാലായിലേക്കുപോയി.

5–12 സി.ബി.സി.ഐ. സമ്മേളനത്തിൽ സംബന്ധിച്ചു.

9 – അരിമ്പൂർ ഇടവകയിൽ ബഹു. ജെയ്സൺ കൊള്ളന്നൂർ അച്ചന്റെ അമ്മയുടെ മൃതദേഹസംസ്കാരത്തിന് കാർമ്മികത്വം വഹിച്ചു.





– തൃശ്ശൂർ മെട്രോപോളീറ്റൻ ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

12 – വളമംഗലം സേക്രട്ട് ഹാർട്ട് ഇടവകയിൽ ഫാ. പോൾ കാരത്തുരുത്തിന്റെ അമ്മയുടെ മൃതദേഹ സംസ്കാരത്തിൽ സംബന്ധിച്ചു.

13 – ആയൂർപാലനയിൽ പുതുതായി നിർമ്മിച്ച കാന്റീനും ബ്ലോക്കും ആശീർവ്വദിച്ചു. ആയൂർപാലന വാർഷികദിനാഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

14 – യുവക്ഷേത്ര കോളേജിന്റെ കമ്പ്യൂട്ടർ ലാബിന്റെയും Add on കോഴ്സുകളുടെയും ഉദ്ഘാടനത്തോടനുബന്ധിച്ച സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– മേഴ്സികോളേജിന്റെ സുവർണ്ണജൂബിലി സമാപനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

15 – അലനല്ലൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിച്ചു.

16 – ഇന്ത്യയുടെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ്പ് സാൽവത്തോരെ പെന്നാക്കിയോയെ കത്തീഡ്രൽ ദൈവാലയത്തിലും തുടർന്ന് രൂപതാകാര്യാലയത്തിലും ഔദ്യോഗികമായി സ്വീകരിച്ചു.

– സുൽത്താൻപേട്ട് രൂപതയുടെ പ്രഥമ ബിഷപ്പിന്റെ മെത്രാഭിഷേക ശുശ്രൂഷയിലും രൂപതയുടെ ഉദ്ഘാടന പരിപാടികളിലും സംബന്ധിച്ച് സന്ദേശം നൽകി.

17 – വള്ളിയോട് സെന്റ് മേരീസ് പോളിടെക്നിക്ക് കോളേജ് വെഞ്ചരിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

18 – എറണാകുളം അമൃത ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

19 – പൊൽപ്പുള്ളി സെറാഫിക് നോവിഷ്യേറ്റ് ഹൗസിൽ സന്യാസാർത്ഥിനികൾക്ക് ക്ലാസ്സെടുത്തു.

– പാലക്കാട് ചിറ്റൂർ ഹോളിഫാമിലി ദൈവാലയം സന്ദർശിച്ചു.

20 – സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ബഹു. സിസ്റ്റേഴ്സിനുള്ള ധ്യാനത്തിലും ലീഡേഴ്സിനുള്ള ധ്യാനത്തിലും സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

21 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

22 – നവീകരിച്ച വട്ടപ്പാറ സെന്റ് ബർണ്ണദീത്ത ദൈവാലയം വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

23 – യാക്കര ഹോളിട്രിനിറ്റി ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു.

– നെല്ലിയാമ്പതി ഔർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി.കുർബാനയർപ്പിച്ചു.

24–25 മുണ്ടൂർ യുവക്ഷേത്രയിൽ വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

26 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ, അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെ അപ്പസ്തോലിക് വിസിറ്ററായി ചുമതലയേൽപ്പിക്കുന്ന ശുശ്രൂഷയിലും ആസ്ത്രേലിയായിലെ മെൽബൺ രൂപതയുടെ മെത്രാനായി നിയമിതനായ മാർ ബോസ്കോ പുത്തൂർ പിതാവിന് യാത്രയയപ്പ് നൽകുന്നതിനും വേണ്ടി സംഘടിപ്പിച്ച പരിപാടിയിലും സംബന്ധിച്ചു.

– ആളൂരിലെ സ്വഭവനത്തിൽ ഓപ്പറേഷനുശേഷം വിശ്രമിക്കുന്ന ഫാ. ആന്റോ അരിക്കാട്ടിനെ സന്ദർശിച്ചു.